fulfilling the great commission...

The Soul Winner

# ദി സോൾ വിന്നർ

December 2013 • Volume 1 • Issue 5 അക്ഷരം ആത്മരക്ഷയ്ക്ക് വാർത്താപത്രിക

## കരിയംപ്ലാവ് കൺവൻഷൻ ജനുവരി 6–12 വരെ

കരിയംപ്ലാവ്: ഡബ്ല്യൂ.എം.ഇ. ദൈവസഭകളുടെ 65–ാ മത് ജനറൽ കൺവൻഷൻ ജനുവരി 6–12 വരെ ഹെബ്രോൻ സ്റ്റേഡയത്തിൽ നടക്കും. ഡബ്ല്യൂ.എം.ഇ. ജനറൽ പ്രസിഡന്റ് പാസ്റ്റർ ഒ. എം. രാജുക്കുട്ടി ഉദ്ഘാടനം ചെയ്യും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർക്കു പുറമേ അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നിവിടങ്ങളിൽ നിന്നും ആളുകൾ പങ്കെടുക്കും. പൊതുസമ്മേളനങ്ങൾ, പ്രതിനിധി സമ്മേളനം, സോദരിസമ്മേളനം, സണ്ടേസ്കൂൾ–യുവജനസമ്മേളനം, മിഷനറി കോൺഫ്രൻസ്, പവർ കോൺഫ്രൻസ്, പെന്തക്കോസ്ത് ഐക്യസമ്മേളനം, സംയുക്ത സഭായോഗം എന്നിവ ഉണ്ടായിരിക്കും. പാസ്റ്റർമാരായ ഡി. സി. എച്ച്. ബർദൻ, ജോഷ്വാ. ജി. ഗബ്രിയേൽ, എൻ. ജെ. ജോസഫ്, എം. എം. മത്തായി, കെ. റ്റി. ചാക്കോ എന്നിവർ നേതൃത്വം നൽകും. വിപുലമായ ക്രമീകരണങ്ങളാണ് ഈ വർഷം ഒരുക്കുന്നത്. പതിനായിരം പേർക്കിരിക്കാവുന്ന പന്തൽ, അഞ്ഞൂറു പേർക്കിരിക്കാവുന്ന ഭക്ഷണശാല, പ്രത്യേകം പാർക്കിംഗ് സൗകര്യം എന്നിവ ഉണ്ട്. കരിയംപ്ലാവ് സ്റ്റേഡിയത്തിൽ നിർമ്മിക്കുന്ന സ്ഥിരം സ്റ്റേജിന്റെ കോൺക്രീറ്റ് ജോലികൾ ആരംഭിച്ചു. പാസ്റ്റർമാരായ കെ. എം. പൗലോസ്, കെ. റ്റി. ചാക്കോ, എം. ജോൺ, സി. ജെ. മത്തായി, പി. ജെ. മാത്യു, സി. പി. ഐസക് തുടങ്ങിയവർ അടങ്ങിയ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.




## അൻപതുദിന പ്രാർഥനാ സംഗമം തുടങ്ങി

കുമ്പനാട്: രാജ്യത്തിന്റെ സമാധാനത്തിനും ആത്മിയമുന്നേറ്റത്തിനുമായി നാഷനൽ പ്രെയർ മൂവ്മെന്റിന്റെ ചുമതലയിൽ വിവിധ പെന്തക്കോസ്തു സഭകൾ നടത്തി വരുന്ന അൻപതുദിന പ്രാർഥനാസമ്മേളനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും സെമിനാറും നവംബർ 15, 16 തീയതികളിൽ മുട്ടമൺ ഐ. സി. പി. എഫ്. ക്യാംപ് സെന്ററിൽ നടന്നു. 16 നു രാവിലെ റീജിയൻ കോർഡിനേറ്റർ പാസ്റ്റർ ഷാജി കുര്യന്റെ അധ്യക്ഷതയിൽ പാസ്റ്റർ പി. ജി. മാത്യു ഉദ്ഘാടനം നിർവഹിച്ചു.

ഇവാ. കെ. വി. പോൾ സിസ്റ്റർ തെരേസാ പോൾ എന്നിവർ സന്ദേശം നല്കി. പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം പ്രാർഥന നയിച്ചു. ഉച്ചകഴിഞ്ഞ് ഗ്രൂപ്പു പ്രാർഥനകൾ ഉണ്ടായിരുന്നു. തലേന്നുനടന്ന സെമിനാറിൽ പാസ്റ്റർ ബാബു ചെറിയാൻ, ഇവാ. സാം സി. സാമുവൽ, പാസ്റ്റർ ബെന്നി, മേജർ വി. ഐ. ലൂക്ക്, ഡോ. സൂസൻ മാത്യു എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ ജോസ് ജോർജ്, ജെ. ജോസഫ്, സി. ജെ. ജോസഫ്, തോമസ് വർഗീസ് എന്നിവർ യോഗങ്ങളിൽ അധ്യക്ഷത വഹിച്ചു.

കേരളത്തിലെ പതിനാലു ജില്ലകളിലും ഏഴു ദിവസം വീതം പകലും വൈകിട്ടുമായി ജനുവരി നാല് വരെ പ്രാർഥനാ സംഗമങ്ങൾ നടന്നുവരുന്നു. സമാപന സമ്മേളനം പാസ്റ്റർ യാഹ്ദത്ത് മണിയുടെ നേതൃത്വത്തിൽ പ്ലാമൂട് എ.ജി. ചർച്ചിൽ നടക്കും.

## ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

### ജനുവരി 5 ഞായർ മുതൽ 12 ഞായർ വരെ



റവ. ദാനിയേൽ മാത്യു



പാസ്റ്റർ റോയി ദാനിയേൽ മാത്യു



റവ. വത്സൻ ഏബ്രഹാം

തിരുവല്ല: മധ്യതിരുവിതാംകൂറിലെ പ്രമുഖ പെന്തെക്കോസ്ത് കൺവൻഷനുകളിലൊന്നായ ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് 4–ാമത് ജനറൽ കൺവൻഷൻ 2014 ജനുവരി 5 ഞായർ മുതൽ 12 ഞായർ വരെ കുന്നന്താനം പാമല ഫെയ്ത്ത് ലീഡേഴ്സ് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ഫെയ്ത്ത് ലീഡേഴ്സ് ജനറൽ പ്രസിഡന്റ് റവ. ദാനിയേൽ മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ റോയി ദാനിയേൽ മാത്യു (ജനറൽ സെക്രട്ടറി), റവ. വത്സൻ ഏബ്രഹാം തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിക്കും. പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസ്, ഫ്ളാഗ് & സൺഡേസ്കൂൾ വാർഷിക സമ്മേളനം, ഫെയ്ത്ത് വുമൺസ് വാർഷിക സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, സ്നാനശുശ്രൂഷ, കർത്തൃമേശ, സംയുക്ത സഭായോഗം എന്നിവ കൺവൻഷനിൽ നടത്തപ്പെടും. പാസ്റ്റർ റോയി ദാനിയേൽ മാത്യു ജനറൽ കൺവീനറായി വിപുലമായ കമ്മിറ്റികൾ കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ചു വരുന്നു. ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് അന്തർദേശീയ സംഗീത വിഭാഗമായ മിസ്മോർ ഹാർമണിക് സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

## പത്രൊസിന്റെ അസ്ഥി പ്രദർശിപ്പിച്ചു



വത്തിക്കാൻ: ക്രിസ്തു ശിഷ്യനായിരുന്ന വിശുദ്ധ പത്രൊസ് ശ്ലീഹയുടെതെന്ന് കരുതപ്പെടുന്ന അസ്ഥി പ്രദർശിപ്പിച്ചു. ആർച്ച് ബിഷപ്പും, പോണ്ടിഫിഷ്യൽ കൗൺസിൽ ഫോർ പ്രമോട്ടിങ്ങ് ന്യൂ ഇവാഞ്ചലൈസേഷൻ പ്രസിഡന്റുമായ റിനോഷെല്ല ഒസേർ വാട്രോ റൊമാനോയുടെ തിങ്കളാഴ്ചത്തെ പതിപ്പിൽ ആണ് ദൈവത്തിനു വേണ്ടി ധീരരക്തസാക്ഷിത്വം വഹിച്ച പത്രൊസ് ശ്ലീഹയുടെ അസ്ഥിപ്രദർശനത്തെക്കുറിച്ച് എഴുതിയിരിക്കുന്നത്. എ.ഡി. 64 ലൊ, 67 ലൊ ഇപ്പോഴത്തെ ബസലിക്ക ക്ലമന്റൈൻ ചാപ്പലിൽ അടയാളപ്പെടുത്തിയിരിക്കുന്ന സ്ഥലത്താണ് തലകീഴായി പത്രൊസിനെ ക്രൂശിച്ചതെന്ന് കരുതപ്പെടുന്നു.

1940 ൽ കണ്ടെടുക്കപ്പെട്ടു എന്നു വിശ്വസിക്കുന്ന അസ്ഥി പത്രൊസിന്റേതാണെന്ന് ഇതുവരെയും സ്ഥിതികരിച്ചിട്ടില്ല. എന്നാൽ 1968–ൽ പോപ്പ് പോൾ ആറാമന്റെ നേതൃത്വത്തിൽ ഇതെക്കുറിച്ച് തുടർമാനമായി നടത്തിയ വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ അസ്ഥി സൂക്ഷിച്ച പെട്ടി പ്രദർശനത്തിനു വച്ചു. ഫ്രാൻസിസ് മാർപ്പാപ്പ തിരുശേഷിപ്പിനു മുന്നിൽ പ്രാർഥിക്കുകയും അല്പനേരം പെട്ടി കൈകളിലേന്തി പരസ്യമായി പ്രാർഥിക്കുകയും ചെയ്തു. സെന്റ്പീറ്റേഴ്സ് ബസലിക്കയിൽ 1949 ലെ ഒരു പര്യവേഷണത്തിനിടയിലാണ് കണ്ടുകിട്ടിയത്. ഇത് പത്രൊസിന്റെ തിരുശേഷിപ്പെന്നു തീർത്തു പറഞ്ഞിട്ടില്ല.

## നെൽസൺ മണ്ടേല



ആഫ്രിക്ക: വർണ്ണവിവേചനത്തിനെതിരെ ആധുനിക സമൂഹത്തിന്റെ പടനയിച്ച ചരിത്രനായകൻ നെൽസൺ മണ്ടേല വിടവാങ്ങി. മഹാത്മഗാന്ധിയിൽനിന്ന് പ്രചോദനമുൾകൊണ്ട് അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾക്കുവേണ്ടി, ഒരു പുരുഷായുസ്സ് മുഴുവൻ പൊരുതിയ മണ്ടേല, മാനവരാശിയുടെ പ്രചോദനമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയ്ക്കുശേഷം ദക്ഷിണാഫ്രിക്കയുടെ മഹാത്മാവായിരുന്ന ലോകം ഏറ്റവും കൂടുതൽ ആദരിക്കുന്ന ഒരു വീരപുരുഷനായിരുന്നു അദ്ദേഹം.

## പാസ്റ്റർ ബാബു എം. ജോൺ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു



ഫ്ളോറിഡ: സഭാ പരിപാലന രംഗത്ത് നാലു പതിറ്റാണ്ടുകളായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന പാസ്റ്റർ ബാബു എം. ജോൺ നവംബർ 3ന് 63–ാം വയസിൽ നിത്യതയിൽ പ്രവേശിച്ചു. ഫ്ളോറിഡയിലെ ഗ്രീൻ മെഡോസ് ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്റർ ആയിരുന്നു അദ്ദേഹം. ഭാര്യ ഗാനരചയിതാവ് സൂസൻ ബി. ജോൺ. മക്കൾ ജെമി, ജെസി, മരുമകൻ ജിജു.



റവ. കെ. ജി. ഈശോ

# ദൈവത്തോട് നന്ദിയുള്ളവരായിരിക്കുക

അനുഭവിക്കുന്ന എല്ലാ നന്മകൾക്കും നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കുക എന്നത് ദൈവത്തിന്റെ ആവശ്യമാണ്. എന്നാൽ പലപ്പോഴും ഇത് യാന്ത്രികമായി ചെയ്യുന്നവരാണ് നാം. തികഞ്ഞ ഏകാഗ്രതയിൽ നിന്നും നന്ദി പറയുന്നതിന് പകരം ജല്പനം ചെയ്യുന്നവരായ് നമ്മൾ തീരുന്നതാണ് പതിവ്. ആത്മാവിൽ നിന്നുള്ള പ്രാർഥനക്കും നന്ദി അർപ്പണത്തിനും മാത്രമേ ദൈവത്തോടുള്ള കൃതജ്ഞത അറിയിക്കുവാൻ കഴിയുകയുള്ളു.

ഭാഗികമായി മാത്രം എങ്ങനെ ഒരാൾക്ക് ദൈവത്തിന്റെ പ്രവർത്തികളെ ഓർക്കാൻ കഴിയും. അപ്പൊസ്തോലനായ യോഹന്നാൻ ഓർമ്മപ്പെടുത്തുന്നത് പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധം വരുത്തും എന്നാണ്.

നമ്മെ ദൈവം പഠിപ്പിച്ച എല്ലാറ്റിനെക്കുറിച്ചും പരിശുദ്ധാത്മാവ് ബോദ്ധ്യം വരുത്തും. നാം വിശ്വസത്തെ പ്രകടമാക്കുമ്പോൾ പരിശുദ്ധാത്മാവ് വളരെ ദയാപരമായി നമ്മെ ഓർമ്മപ്പെടുത്തുന്നു എന്നുള്ളത് ദൈവം പഠിപ്പിക്കുന്ന ഒരു അനുഗ്രഹപാഠമാണ്. ഇത് പ്രാർഥനയിൽ നാം ഉപയോഗപ്പെടുത്തിയും, കല്പനകളെ പിൻതുടരുകയും ചെയ്ത് സകല കാര്യത്തിലും നന്ദിയുള്ളവരായിരിക്കണം.

പ്രവാചകനായ യോസേഫിനെ ഉദ്ധരിച്ച് പ്രസിഡന്റ് എസ്ത്രീ റ്റഫ്റ്റ് ബൻസൻ (1899 – 1994) ഒരിക്കൽ പറഞ്ഞത്: ആധുനിക കാലത്തെ വിശുദ്ധന്മാർ ചെയ്യുന്ന ഏറ്റവും വലിയ പാപം എന്ന് പറയുന്നത് ദൈവത്തോട് കൃതജ്ഞത ഇല്ലാതിരിക്കുക എന്നതാണ്. ഇത് വലിയ ഒരു പാപമായി സാധാരണ വിശുദ്ധന്മാർക്ക് ചിന്തിക്കാൻ കഴിയില്ല. പ്രാർഥനയിൽ നാം സാധാരണ അവലംബിക്കുന്ന ഒരു വിഷയം, നമ്മുടെ ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും നീണ്ടനിര കൊണ്ടുവരിക എന്നതാണ്.

എൻ മനമേ യഹോവയെ വാഴ്ത്തുക, അവൻ ചെയ്ത സകല ഉപകാരങ്ങളും മറക്കരുത്. നമ്മുടെ ആത്മിയയാത്രയിൽ ദൈവത്തോടുള്ള കൃതജ്ഞതയോട് മാത്രമേ നാം സംസാരിക്കാവു. യിസ്രായേൽ ജനത്തിന്റെ മിസ്രയിമിൽ നിന്നുള്ള യാത്രയിൽ, പുറപ്പെടുന്നതിന് മുമ്പ് മുതൽതന്നെ അത്ഭുതങ്ങളുടെ നീണ്ട നിരയായിരുന്നു. പത്ത് ബാധകൾ മിസ്രയിമ്യർക്ക് എതിരെ ദൈവം അയച്ചതായിരുന്നെങ്കിലും, യിസ്രയേൽ ജനത്തിൻ ഒരു അത്ഭുതം ആയിരുന്നു. ചെങ്കടലിൽ വഴി തുറന്നതും കാടപ്പക്ഷിയും മന്നയും തീക്കൽ പാറയിലെ വെള്ളം, മാറായിലെ മധുരം, പിച്ചള സർപ്പം എന്നിങ്ങനെ കണ്ടതെല്ലാം അത്ഭുതമാർന്ന ദൈവപ്രവർത്തികൾ. എന്നാൽ ജീവിതയാഥാർഥ്യങ്ങളാകുന്ന ചില തിക്ത ഫലങ്ങൾ ഉണ്ടായപ്പോൾ ജനം ദൈവത്തെ മറക്കുന്ന കാഴ്ചയാണ് നാം കണ്ടത്.

2013 നമ്മോട് വിടപറയുമ്പോൾ നമുക്ക് ദൈവം ചെയ്ത സകല ഉപകാരങ്ങൾക്കും, രക്ഷയുടെ പാനപാത്രമെടുത്ത് ദൈവത്തെ സ്തുതിക്കാം.

# FOCUSED & TARGETING



Daniel Easo, Chicago

"….but this one thing I do, forgetting those things which are behind, and reaching forth unto those things which are before, I press toward the mark for the prize of the high calling of God in Christ Jesus." Philippians 3:13-14

I remember one of my friends who is the president of one firm saying that in order to be effective and successful we had to stay very focused. I also remember another man saying you cannot go through life looking over your shoulder. These are practical maxims for natural success.

Paul seems to be making these same observations for spiritual success in his letter to the Philippians. The strange thing to the natural mind is that Paul was writing his position in a letter from prison. Paul did not see what had happened to him as limiting his effectiveness but as furthering the gospel. The Roman palace was aware of him; others were emboldened by his example. The net result was Christ was preached. Paul could even see his death as magnifying Christ. Above all, God was working in him to do and will according to His good pleasure.

Paul knew how to win and how to lose, how to be full and how to be hungry, how to be abound and how to suffer need, and how to be content no matter what state and shape he was in. Bottom line was Paul believed he could do all things through Christ which strengthened him.

As I get older, I find myself getting more focused, much more able to throw off negatives of the past, defeats of the pasts and even victories of the past. What counts is what is ahead, what needs to be done and what hasn't been done yet. I appreciate my brethren in Christ, my companions in labor and my fellow soldiers in the fight of faith. I appreciate our donors and supporters and those who hold us up in prayer. Away with envy, hatred, pretense, pride, vain glory, and strife: forward to firmness, maturity, strength and truthfulness in Christ. Two thousand and fourteen is the year to press forward, realize our goals, raise our sights, preach the Gospel, do the work of apostles, make disciples, heal the sick, visit the orphans and strengthen the weak.

So if this witnesses with your spirit, let's join hands in Christ and press forward in and for Him that unto Him might be all honor and glory and praise, world without end, Amen!

**Two thousand and fourteen is the year to press forward, realize our goals, raise our sights, preach the Gospel, do the work of apostles, make disciples, heal the sick, visit the orphans and strengthen the weak.**



**ബി പോസിറ്റീവ്**

- *നിനക്ക് പറക്കാൻ കഴിയുന്നില്ലെങ്കിൽ ഓടുക, ഓടാൻ കഴിയുന്നില്ലെങ്കിൽ നടക്കുക, നടക്കാൻ കഴിയുന്നില്ലെങ്കിൽ ഇഴയുക. എന്തുചെയ്താലും നിന്റെ ലക്ഷ്യം ഉന്നംവച്ചുകൊണ്ട് ചലിച്ചുകൊണ്ടേയിരിക്കുക.*
- *കാർമേഘം കാണുമ്പോൾ പക്ഷികളെല്ലാം സങ്കേതത്തിലേക്ക് ചേക്കേറുന്നു. എന്നാൽ കഴുകൻ മഴയെ അതിജീവിച്ചു കൊണ്ട് മേഘങ്ങളുടെ ഉയരങ്ങളിലേക്ക് പറക്കുന്നു. പ്രശ്നങ്ങൾ എല്ലാവർക്കും ഒരുപോലെയാണ്. മനോഭാവമാണ് വ്യക്തികളെ വ്യത്യസ്തമാക്കുന്നത്.*

Disclaimer: The views expressed in the articles are those of the writers. The magazine will not bear any responsibility for them.
Some of the images used in this magazine have been downloaded from websites. We acknowledge that the copyright of those images remain with the original owners, and The Soul Winner does not intend to use those for commercial purposes and does not claim any rights for them.



# ദൈവം തിരഞ്ഞെടുത്ത ഉപകരണം



**പീരുമേട് ക്ലീറ്റസ്**

**ദൈവത്തിന് തന്റെ രാജ്യത്തിന്റെ കാര്യനിർവഹണത്തിലേക്ക് ചില ഉപകരണങ്ങൾ ആവശ്യമാണ്. താങ്കൾ അത് ആയിരിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ ജീവിതം മുഴുവനും പരിശീലനകാലമായിരിക്കും. ചിലപ്പോൾ നാം ചോദിച്ചേക്കാം എന്തിന് ഇങ്ങനെ? എന്തിന് ഞാൻ ദൈവത്തിന് മറ്റൊരു ഉപകരണമായി തീരണം. ഇത് ദൈവത്തിന്റെ മാത്രം നയപരിപാടിയാണ്. മനുഷ്യന്റേത് ആയിരിക്കില്ല.**

എനിക്കെങ്ങനെ ദൈവത്തിന് ഉപയോഗമുള്ളവനായി തീരാം? എങ്ങനെ ദൈവത്തിന്റെ ഉപകരണമായി തീരാം? ദൈവിക അനുഗ്രഹങ്ങൾ എങ്ങനെ മറ്റുള്ളവരിലേക്ക് എത്തിക്കാം എന്നിങ്ങനെ ഏതൊരു ക്രൈസ്തവനും സ്വയം ചോദിക്കേണ്ടുന്ന ചോദ്യമാണിത്.

ലോകത്തിലെ സകല രാജ്യങ്ങളിലേക്കുമുള്ള ക്രിസ്തു ശിഷ്യരായിട്ടാണ് ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നത്. അതിനുള്ള മാർഗനിർദ്ദേശങ്ങളും ഒപ്പം നൽകുന്നുണ്ട്. ദൈവത്തിന് ഉപയോഗമുള്ള ഒരു ഉപകരണമായി തീരുന്നതിന് ദൈവത്തിന്റെ രീതികൾക്കും മാർഗങ്ങൾക്കും അനുസരിച്ച് എന്ത്? എങ്ങനെ? നാം പ്രവർത്തിക്കണമെന്ന് മനസിലാക്കിയിരിക്കണം.

ഇസ്രായേലിന്റെ ചരിത്രത്തിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരെങ്കിലും വിവിധ കാരണങ്ങളാൽ വ്യത്യസ്തതകളുള്ള രണ്ടു രാജാക്കന്മാർ ഉണ്ടായിരുന്നു (1 ശമുവേൽ 8:1-9). ശമുവേൽ, വൃദ്ധനും ആത്മികനുമായിരുന്നെങ്കിലും മക്കൾ രണ്ടു പേരും സദാചാരം ഇല്ലാത്തവരായിരുന്നു. നേതാക്കൾക്കും അണികൾക്കും ഇടയിൽ ഉയർന്നു വരുന്ന ഒരു പ്രശ്നം, ഇരുവശത്തെയും സംഭാഷണം പലപ്പോഴും കാര്യക്ഷമമായിരിക്കുകയില്ല എന്നുള്ളതാണ്. തത്ഫലമായി പ്രശ്നപരിഹാരം പലപ്പോഴും സാധ്യമല്ലാതെ വരുന്നു.

അപ്പൊസ്തോലനായ പൗലൊസ് പറയുന്നതുപോലെ ആധുനിക സന്ദർഭങ്ങളിൽ നിന്നും ഒട്ടും വിഭിന്നമല്ലാത്തവരായിരുന്ന പഴയനിയമ യിസ്രായേൽ ലോകത്തിന് അനുരൂപരായാണ് പലപ്പോഴും ജീവിച്ചത്.

ക്രൈസ്തവ നിരീക്ഷകർ നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ചേഷ്ടാസിദ്ധാന്തപരമായി ക്രിസ്ത്യാനിയും ജാതിയനും തമ്മിൽ വലിയ വ്യത്യാസം കാണാതിരിക്കുന്നതിനാൽ നാം അനുഗ്രഹിക്കപ്പെടുന്നവരോ, അനുഗ്രഹിക്കുന്നവരോ ആയിരിക്കാൻ കഴിയില്ല.

അസന്തുഷ്ടിയും അനുഗുണവും നല്ല സുഖകരമായിരിക്കുകയില്ല. മനപരിവർത്തനമില്ലാത്ത മാറ്റത്തിനുവേണ്ടി മാത്രമാണ് യിസ്രായേൽ എന്നും ശ്രമിച്ചത്. ഒപ്പം എളുപ്പമാർഗവും അന്വേഷിച്ചു. തങ്ങൾക്ക് ഒരു ദൈവത്തെ ആവശ്യപ്പെട്ടപ്പോൾ സാക്ഷാൽ ദൈവവും, ശമൂവേലും ഏറെ ദുഃഖിച്ചു. ദൈവം നമ്മുടെ പ്രാർഥനയ്ക്കു മറുപടി നല്കുന്നെങ്കിലും അത് ദൈവഹിതം ആകണം എന്നില്ല. പലപ്പോഴും നമ്മുടെ ചോദ്യത്തിന് ഉത്തരം നല്കും. ഈ സന്ദർഭത്തെക്കുറിച്ചാണ് ആവർത്തനം 17: 14 ൽ പറയുന്നത്.

ശമുവേലിനെ ദൈവമാണു തിരഞ്ഞെടുത്തത്. ശൗൽ അനേകം വിജയങ്ങൾ കൈവരിച്ച ഒരു നല്ല നേതാവുതന്നെ ആയിരുന്നു. പെട്ടെന്നാണ് ദൈവിക സന്ദേശങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ശൗൽ പെരുമാറി തുടങ്ങിയത്. അവൻ ജനത്തെ നടത്തുകയും നയിക്കുകയും ചെയ്യേണ്ടവനായിരുന്നു. എന്നാൽ ദൈവം പറഞ്ഞത് അവന്റെ രാജത്വം മറ്റൊരുവന് കൊടുക്കുന്നു എന്നാണ് (1 ശമുവേൽ 13:13,14). നിന്നെക്കാൾ ശ്രേഷ്ടൻ മറ്റൊരുവനുണ്ട് (1 ശമുവേൽ 15:28).

ചിലപ്പോഴൊക്കെ സമാനതകളുള്ള ചില അനുഭവങ്ങൾ നമുക്ക് ഉണ്ടാകാറുണ്ട്. താങ്കൾ ഏറ്റവും നല്ല നിലയിൽ സഭാശുശ്രൂഷയിൽ തുടരുമ്പോഴായിരിക്കാം നിന്നെക്കാൾ ശ്രേഷ്ടനായി മറ്റൊരുവനെ അവരോധിക്കുന്നത്. ശൗൽ രക്ഷിക്കപ്പെട്ടവനോ അല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലല്ലായിരുന്നു, ദൈവത്തിന്റെ മാർഗനിർദ്ദേശങ്ങളെ തള്ളിക്കളഞ്ഞ നിലയിലായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ പ്രവർത്തനത്തെയും ശുശ്രൂഷയേയും നിർത്തിവയ്പ്പിക്കാൻ സാധിക്കും. ശൗൽ ഒടുവിൽ ദൈവിക നിർദ്ദേശങ്ങൾക്ക് വിലകല്പിക്കാത്തവനായി തീർന്നെന്ന് സമ്മതിക്കേണ്ടി വന്നു.

പലപ്പോഴും ദൈവത്തിന്റെ ഇത്തരം ഇടപെടലുകളെ നാം അതിശയത്തോടെ നോക്കിക്കാണാറുണ്ട്. ഒരിക്കൽ ഒരു വേദാദ്ധ്യാപകൻ പറഞ്ഞത്. ദൈവത്തിന് ഒരുവനെ അഞ്ചു ശതമാനം മാത്രം ഉപയോഗിക്കാം. കേവലം ശതമാനത്തിന്റെ വിഷയമല്ല ദൈവത്തിന് ഒരുവനെ ഭാഗികമായും മുഴുവനായും ഉപയോഗിക്കാൻ സാധിക്കും. അതുകൊണ്ട് നാം തൃപ്തരാണോ എന്നതാണു വിഷയം.

അശുദ്ധനായിത്തീർന്ന ശൗലിനു ശേഷം വിശുദ്ധനായ ഒരു ദാവിദിനെ കാണാം. എന്നാൽ വ്യഭിചാരവും കുലപാതകവും ഉൾപ്പടെ ശൗലിനേക്കാൾ വലിയ പാപിയായി ദാവിദിനെ പിന്നീടു കാണുന്നു. എങ്കിലും മക്കളെ ഒരിക്കലും കഠിനഹൃദയരാക്കാതെ താൻ ദൈവത്താൽ ജനങ്ങൾക്കുവേണ്ടി എങ്ങനെ പ്രയോജനപ്പെട്ടു എന്ന് ബോധ്യപ്പെടുത്തി. അതുകൊണ്ട് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്ന സംബോധനക്ക് പാത്രിഭൂതനായി.

ദൈവം ദാവീദിനെ അഭിഷേകം ചെയ്യുവാൻ ശമുവേലിനെ അയച്ചു. ആട്ടിൻ കൂട്ടത്തിലെ മുഷികനും, വിരസനും യിശ്ശായിയുടെ പുത്രന്മാരിൽ ഒരുവനുമായ ദാവിദിനെ ശമുവേൽ അഭിഷേകം ചെയ്യും എന്ന് യിശ്ശായിയുടെ കുടുംബാംഗങ്ങൾ ആരും തന്നെ കരുതിയിരുന്നില്ല. സഹോദരന്മാർ ആരുംതന്നെ യിശ്ശായിയോട് ദാവീദിന് ഓർമ്മപ്പെടുത്തിയുമില്ല.

വിളിക്കനുസരിച്ച് സമയത്തുതന്നെ തയ്യാറാകുവാൻ ദൈവം ദാവീദിനെ സഹായിച്ചു. നമ്മുടെ മുഴുജീവിതവും ദൈവിക കാര്യങ്ങളുടെ ഒരു പാഠശാലയാണ്.

ദൈവത്തിന് ഉപയോഗമുള്ളവരായി തീരാൻ നാം അവന്റെ പരിശീലന കളരിയിലേക്ക് വിധേയരായി തീരണം. അത് കേവലം സ്കൂളിൽ നിന്നും ലഭിക്കുന്ന വിദ്യാഭ്യാസം പോലെയല്ല. ഏതൊരു ദൈവപൈതലിനെ സംബന്ധിച്ചും എങ്ങനെ ആണ് ദൈവം നമ്മെ പഠിപ്പിക്കുന്നത് എന്നതിനെക്കുറിച്ച് ബൈബിളിൽ നിന്ന് ഗ്രഹിക്കുന്നത് ഏറെ ഉത്തേജനം നല്കുന്ന കാര്യമാണ്. മോശെ ഈജിപ്തിന്റെ പാഠശാലയിൽ നിന്നും നാല്പതു വർഷം കൊണ്ടാണ് നേതൃത്വത്തിനുള്ള പാഠങ്ങൾ പഠിച്ചത്. തുടർന്ന് കേവലം സാധാരണക്കാരനായിരുന്ന മോശെ ആട്ടിടയനായിരുന്നുകൊണ്ട് മരുഭൂമിയിൽ തീഷ്ണമായ അനുഭവങ്ങളിലൂടെ ഒരു നേതാവ് എങ്ങനെ ആയിരിക്കണമെന്നത് അഭ്യസിച്ചു. ഒന്നുമല്ലാതിരുന്ന മോശെയെ നാല്പതു വർഷം കൊണ്ട് ഒരു ജനതയെ നയിക്കുവാൻ കഴിയുന്ന നേതാവാക്കി പരുവപ്പെടുത്തി. നമ്മുടെ മുഴുജീവിതവും ഭാവിക്കുവേണ്ടിയുള്ള ദൈവിക കാര്യപരിപാടിയിൽ സമ്പന്നമാണ്. ദൈവപൈതലിന്റെ പ്രവർത്തികൾ ജീവിതത്തിൽ ഉടനീളം തുടരേണ്ടതാണ്.

ആരും ശ്രദ്ധിക്കാത്ത, ഗൗനിക്കാത്ത എത്രയോ പേർ താങ്കളുടെ സഭയിൽ കാണും. ദൈവം നേരിട്ട് പറയുന്നതുവരെ ഒരുപക്ഷെ നേതാക്കന്മാർ ഇവരോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടില്ലായിരിക്കാം. ദൈവം പറയുന്നു: ആരുമല്ലാത്തവരെ ഞാൻ എന്റെ വേലയ്ക്കായി നിയോഗിക്കാൻ പോകുന്നു. തീർച്ചയായും ജനങ്ങളുടെ ചില യോഗ്യതകളെ നാം പരിഗണിക്കേണ്ടതാണ്. മാത്രമല്ല ആഴമായ പഠനവും നടത്തിയിരിക്കണം. കേവലം യോഗ്യത മാത്രമാകരുത് മാനദണ്ഡമാക്കേണ്ടത്. അവരിലേക്ക് ദൈവം നൽകിയിട്ടുള്ള നിയോഗങ്ങളെയും വിലയിരുത്തേണ്ടതാണ്. ദൈവം പരിഗണിക്കുന്ന യോഗ്യതകളെക്കൂടെ പരിഗണിച്ചായിരിക്കണം നാം ദൈവത്തിന് ഉപയോഗിക്കാവുന്ന ഒരു ഉപകരണത്തെ തിരഞ്ഞെടുക്കേണ്ടത്. ദൈവം വിധിച്ചതും ദൈവത്തിന്റെ പരിഗണനകളെയും നാം മനസിലാക്കിയിരിക്കണം.

അഭിഷേകം ചെയ്യപ്പെട്ട ദാവിദ് ഒരു കുപ്പായം വാങ്ങാൻ തയ്യാറായോ? ഒരിക്കലുമില്ല. തന്റെ ദൈനംദിന ജീവിതത്തിലെ ഉത്തരവാദിത്വത്തോടൊപ്പം ഏകാന്തതയും വിരസതയും മുഷിപ്പുമൊക്കെയുള്ള ജീവിത യാഥാർഥ്യങ്ങളിലേക്ക് മടങ്ങിപ്പോകുകയായിരുന്നു.

പ്രശ്നങ്ങളും സങ്കീർണ്ണതകളും നിറഞ്ഞതായിരുന്നു ദാവിദിന്റെ ജീവിതം. ഒരിക്കൽ സിംഹവുമായും കരടിയുമായും മൽപിടുത്തം നടത്തേണ്ടതായി വന്നിട്ടുണ്ട്. ഒരുപക്ഷെ എന്തിനാണ് എനിക്ക് ഇത്തരം പ്രശ്നങ്ങൾ എന്ന് ദാവിദ് ചോദിച്ചിട്ടുണ്ടാവാം. എന്നാൽ ഗോല്യാത്തിന്റെ മുമ്പിൽ നിന്നപ്പോൾ അതിനുത്തരം ലഭിച്ചുകാണുമായിരിക്കും. അത് പരിശീലനവും തയ്യാറെടുപ്പും ആയിരുന്നു. ഒരിക്കൽ ഒരാൾ പറഞ്ഞത് ഇങ്ങനെയാണ്: ഒരു ക്രിസ്ത്യാനിയുടെ ജോലിയാണ് അവിശ്വാസിയെ മനംതിരിക്കുക എന്നത്, എന്നാൽ ഇന്ന് അവിശ്വാസി വിശ്വാസിയുടെ മനം മറ്റൊന്നിലേക്ക് മാറ്റുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

ദൈവത്തിന് തന്റെ രാജ്യത്തിന്റെ കാര്യനിർവഹണത്തിലേക്ക് ചില ഉപകരണങ്ങൾ ആവശ്യമാണ്. താങ്കൾ അത് ആയിരിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ ജീവിതം മുഴുവനും പരിശീലനകാലമായിരിക്കും. ചിലപ്പോൾ നാം ചോദിച്ചേക്കാം എന്തിന് ഇങ്ങനെ? എന്തിന് ഞാൻ ദൈവത്തിന് മറ്റൊരു ഉപകരണമായി തീരണം. ഇത് ദൈവത്തിന്റെ മാത്രം നയപരിപാടിയാണ്. മനുഷ്യന്റേത് ആയിരിക്കില്ല. അനുസരണം ആണ് അതിന്റെ താക്കോൽ. 2 ദിനവൃത്താന്തം 16: 9 വായിക്കുന്നു: തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി യഹോവയുടെ കണ്ണു തേടുന്നു.

ദൈവരാജ്യത്തിൽ ഒരാൾക്ക് എന്തു ചെയ്യാൻ കഴിയും. എല്ലാവരും ദൈവരാജ്യത്തിൽ തുല്യരാണ്. മറ്റൊരാളിൽ നിന്നും വ്യത്യസ്തമായി ഓരോ വ്യക്തിക്കും എന്തെങ്കിലും ചെയ്യാൻ സാധിക്കും. ഗോല്യാത്തിനെ എറിഞ്ഞു വീഴ്ത്തുവാൻ ദാവീദിനു മാത്രമേ സാധിച്ചുള്ളൂ.

ശൗലിന്റെയും ദാവീദിന്റെയും പ്രവർത്തനങ്ങളിൽ എന്തെങ്കിലും വ്യത്യാസമുണ്ടായിരുന്നോ? കാരണം ദാവീദ് ദൈവത്തോടുകൂടെ നടന്നു. ശൗലിന്റെ സങ്കീർത്തനത്തെക്കുറിച്ചു നാം കേട്ടിട്ടുണ്ടോ? ദാവീദ് എല്ലാം ദൈവവുമായി സംസാരിച്ചിരുന്നു. ദുഃഖവും, നിരാശയും, ചോദ്യവുമെല്ലാം ദൈവവുമായി പങ്കുവെച്ചിരുന്നു. ദൈവത്തിന് സകല മഹത്വവും കൊടുത്തിരുന്നു. അത്യാവശ്യമാണ്. ആത്മീയമുന്നേറ്റവും ശുശ്രൂഷയിലെ ഫലങ്ങളും നമ്മുടെ അനുസരണത്തെയും ദൈവത്തിന്റെ നടത്തിപ്പുകളെയും ആശ്രയിച്ചിരിക്കും. നാം ദൈവത്തിന്റെ വേലക്കാരാണ് (1 കൊരിന്ത്യർ 3:9). എന്നാൽ എത്ര ശതമാനം നമ്മെ ദൈവത്തിന് ഉപയോഗിക്കുവാൻ സാധിക്കും.



ഓരോ പ്രവർത്തിക്കും തക്കവണ്ണമാണ് പ്രതിഫലം ലഭിക്കുന്നത്. ആകയാൽ ലജ്ജിച്ചു തല താഴ്ത്തുവാനിട വരാതിരിക്കേണ്ടതിന് നമ്മുടെ ജീവിതത്തെ ക്രമീകരിച്ചേ മതിയാകെയുള്ളു. അതു സാദ്ധ്യമായിത്തീരുന്നത് അവനിൽ വസിക്കുമ്പോഴാണ്. ആകയാൽ അവനോടു പറ്റിച്ചേർന്നു ജീവിക്കുവാൻ ആഗ്രഹിക്കാം.



പ്രൊഫസർ റെയ്ച്ചൽ ദാനിയേൽ

# എവിടെ വസിക്കുന്നു?

നാം എവിടെ പാർക്കുന്നു എന്നത് വളരെ പ്രധാനമാണ്. ചുറ്റുപാടുകൾക്കു നമ്മുടെ സ്വഭാവത്തിലും ജീവിതത്തിലും സ്വാധീനം ചെലുത്തുവാനുള്ള കഴിവുണ്ട്. ചില തെരുവുകളെക്കുറിച്ചു കേട്ടാൽ സാധാരണക്കാർ അങ്ങോട്ടു പോകാൻ മടിക്കുമെന്ന് നമുക്കറിയാവുന്നതാണല്ലോ. സൊദോമി എന്ന പദം ഇംഗ്ലീഷ് ഭാഷയ്ക്കു സംഭാവന ചെയ്ത സോദോം പട്ടണത്തിൽ പോയി പാർത്ത ലോത്തിന്റെ മക്കൾ ഏറ്റവും ഹീനമായതു പ്രവർത്തിക്കുവാൻ മടിച്ചില്ല എന്നു വചനത്തിൽ കാണുന്നു (ഉല്പത്തി 19) അതേ സമയം പൗലൊസ് അഭിമാനത്തോടെയാണ് തർസോസുകാരൻ എന്നു പറയുന്നത്. നാം ഓരോരുത്തരും ഭാരതമണ്ണിൽ പിറന്നു എന്നതിൽ അഭിമാനം കൊള്ളുന്നു. നാം വസിക്കുന്ന ഇടവും നാമും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്.

യേശുക്രിസ്തു തന്റെ ലോകത്തിലെ ദൗത്യം പൂർത്തിയാക്കാറായപ്പോൾ ശിഷ്യന്മാരോടു സംസാരിക്കുവാനും അവരെ ഉപദേശിക്കുവാനും കുറെ സമയം വിനിയോഗിച്ചു. യോഹന്നാൻ 14 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ ഇതു രേഖപ്പെടുത്തിയിരിക്കുന്നു. അക്കൂട്ടത്തിൽ അതിപ്രധാനമായ ഒന്നാണ് അവൻ മുന്തിരിവള്ളിയും ശിഷ്യന്മാർ അതിന്റെ കൊമ്പുകളും എന്ന ആശയം. 'ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായിക്കും, എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തുകളഞ്ഞിട്ട് അവൻ ഉണങ്ങിപോകും. നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പീൻ അതു നിങ്ങൾക്കു കിട്ടും' (യോഹ. 15: 5–7) എന്ന് യേശു പഠിപ്പിച്ചു.

ഒരു വിശ്വാസി ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ അവൻ യേശുവിൽ വസിക്കുന്നവനായിരിക്കേണം. മുന്തിരിവള്ളിയുടെ കൊമ്പ് തോട്ടക്കാരൻ പ്രതീക്ഷിക്കുന്ന ഫലം പുറപ്പെടുവിക്കണമെങ്കിൽ അതു മുന്തിരിവള്ളിയോട് ഒട്ടിചേർന്നിരിക്കണം. അതുമായി ഒന്നായി തീരണം. ചെടി വേരുവഴി വലിച്ചെടുക്കുന്ന വെള്ളവും വളവും കിട്ടാതെ കൊമ്പിനു നിലനില്പില്ല. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ, അതായത് കൊമ്പു മുന്തിരിവള്ളിയോട് ഒട്ടിചേർന്നിരിക്കുകയും കൊമ്പുകളിലെ ഓരോ കോശത്തിലേക്കും ചെടിയുടെ വേരു വലിച്ചെടുക്കുന്ന നീര് എത്തിച്ചേരുകയും ചെയ്താൽ മാത്രമേ ഫലം കായിപ്പാൻ കഴിയുകയുള്ളു.

ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ചില പ്രത്യേക സ്വഭാവവിശേഷങ്ങളും പെരുമാറ്റരീതികളും പ്രത്യേക സന്തോഷവും ദൈവസമാധാനവും പുറത്തുള്ളവർ കാണുവാൻ ഇടയാകണമെന്ന് പിതാവാം തോട്ടക്കാരൻ ആഗ്രഹിക്കുന്നു. തന്നെയുമല്ല, മറ്റു ചിലരെ പിശാചിന്റെ പിടിയിൽ നിന്നും വിടുവിച്ച് ദൈവരാജ്യത്തിലാക്കി തീർക്കണമെന്ന് പിതാവ് ആഗ്രഹിക്കുന്നു. ഞാൻ വിശ്വാസി എന്നു പറയുകയും ചെയ്താൽ ചെടിയോടു ചേരേണ്ടതുപോലെ ചേർന്നിരിക്കുന്നില്ല എന്ന് എല്ലാവർക്കും മനസിലാകും. പിന്നെ ഞാൻ വിശ്വാസി എന്നു പറഞ്ഞു നടക്കുന്നതിൽ അർത്ഥമില്ല. അങ്ങനെയുള്ള വിശ്വാസികൾ നിമിത്തമാണ് ലോകം ക്രിസ്ത്യാനിത്വത്തെ പുച്ഛിക്കുകയും നിന്ദിക്കുകയും ചെയ്യുന്നത്. ക്രിസ്തു പഠിപ്പിക്കുന്നതുപോലെ ജീവിക്കുന്ന ക്രിസ്ത്യാനികൾ ഭാരതത്തിൽ ഉണ്ടായിരുന്നെങ്കിൽ ഭാരതം എന്നേ ക്രിസ്തീയ രാജ്യമായി മാറുമായിരുന്നു. രോഗസൗഖ്യമോ മറ്റേതെങ്കിലും വിടുതലോ മുഖാന്തിരം യേശുവിലേക്ക് ഒരാൾ വന്നാൽ ആ വ്യക്തി കർത്താവിനോട് ഒട്ടിചേരുവാനിടയാകണം. മുതിർന്ന വിശ്വാസികളും ശുശ്രൂഷകന്മാരും അവരെ പ്രോത്സാഹിപ്പിക്കണം. അല്ലെങ്കിൽ ചില നാളുകൾക്കുള്ളിൽ ആ കൊമ്പുകൾ കരിഞ്ഞുപോകും. പിന്നെ കത്തിച്ചു കളയാനല്ലാതെ മറ്റൊന്നിനും കൊള്ളുകയില്ല. നിത്യനരകത്തിലേക്ക് അവർ പോകും.

എങ്ങനെ ഒരുവന് മുന്തിരിവള്ളിയോടു ഒട്ടിച്ചേർന്നിരിക്കുവാൻ കഴിയുമെന്ന് കർത്താവു തന്നെ പഠിപ്പിച്ചിരിക്കുന്നു. ഒന്നാമത് 'എന്റെ വചനം നിങ്ങളിൽ' വേരിൽ നന്നും ലഭിക്കുന്ന നീര് കൊമ്പുകളിൽ വ്യാപരിച്ചിരിക്കുന്നതുപോലെ വചനം ഒരു ദൈവപൈതലിൽ ഉണ്ടായിരിക്കേണം അല്ലെങ്കിൽ ഒരു യഥാർത്ഥ ദൈവപൈതലായിരിക്കുവാൻ സാധ്യമല്ല. ചില നാളുകളിലേക്ക് ഇല കണ്ടേക്കാം. പക്ഷെ ക്രമേണ വിളർച്ച കണ്ടുതുടങ്ങും. പിന്നെ അതു നശിച്ചു പോകും. വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു (റോമ. 10:8) എന്ന് പൗലൊസ് റോമിലെ വിശ്വാസികളെ ഓർപ്പിക്കുന്നു. കൃപയാൽ ദൈവവചനം കേൾക്കുവാനും വായിക്കുവാനുമുള്ള എല്ലാ സാഹചര്യങ്ങളും ദൈവം നമുക്ക് നല്കിയിരിക്കുന്നു. ഇരുവായി തലയുള്ള വാളാകുന്ന ദൈവവചനം (എബ്രാ. 4:12) കയ്യിലുണ്ടായിരുന്നതിനാൽ ശത്രുവായ സാത്താനോടു പൊരുതി ജയിക്കുവാൻ കഴിയും. അതു മാത്രമല്ല ദൈവഹിതത്തിന് വിപരീതമായി നമ്മിൽ പൊങ്ങി വരുന്ന എല്ലാ ചിന്തകളെയും പ്രവർത്തികളെയും വെട്ടിനശിപ്പിക്കുവാനും കഴിയും. അങ്ങനെ നാം എന്തായിരിക്കുന്നു എന്ന് അവകാശപ്പെടുന്നുവോ, അതുതന്നെ ആയിരിക്കുവാൻ നമുക്ക് ഇടയായിത്തീരും.

വചനത്തിനു നമ്മുടെ ഹൃദയത്തിൽ സ്ഥാനമുണ്ടെങ്കിൽ മാത്രമേ, ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതിരിക്കുവാനും, പാപികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതിരിക്കുവാനും നമുക്കു കഴിയത്തുള്ളു (സങ്കീ. 1). 'ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു' (സങ്കി. 119:11) എന്ന് സങ്കീർത്തനക്കാരനും പറയുന്നു. ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയിരിക്കുവാനും ജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാനും ദൈവവചനം കൂടാതെ സാധ്യമല്ല. അത് കയ്യിലിരുന്നാൽ മാത്രം പോരാ, അതു ഹൃദയത്തിലേക്കു കടക്കണം, അതു നമ്മെ ജിവിപ്പിക്കണം, നമുക്ക് ഉന്മേഷം പകരണം. വചനത്തിൽ ദൈവത്തിന്റെ കല്പനകൾ മാത്രമല്ല ദൈവത്തിന്റെ വാഗ്ദത്തങ്ങളും ഉണ്ട്. അവ നമ്മുടെ ഹൃദയത്തിലേക്കു കടക്കുമ്പോൾ നാം അറിയാതെ തന്നെ നമ്മുടെ നാവിൽ അവന്റെ പുകഴ്ച ഉളവാകും. ഹൃദയത്തിൽ കർത്താവിനെ പാടി സ്തുതിക്കുവാനിടയാകും. നമ്മുടെ വ്യക്തിത്വത്തിന് മാറ്റം സംഭവിക്കും. പുതിയ സൃഷ്ടിയായി തന്നെ മറ്റുള്ളവരുടെ മുമ്പിൽ കാണപ്പെടുവാനിടയാകും. നാം വാസ്തവമായി ഈ അനുഭവം പ്രാപിച്ചിട്ടുണ്ടോ?

പൗലോസ് അപ്പൊസ്തലൻ തന്റെ അവസാന നാളുകളിൽ പോലും ഇനിയും പലതും അറിയുവാനും പഠിക്കുവാനും ഉണ്ടെന്നു പറയുന്നതുപോലെ, ഇനിയും ആകേണ്ടതുപോലെ ആയിട്ടില്ല എന്നു പറയുവാനല്ലേ നമുക്കു കഴിയുള്ളു! അതു ദൈവസന്നിധിയിൽ സമ്മതിച്ചു കൊടുക്കുവാനുള്ള മനസ്സുണ്ടായാൽ, കർത്താവെ ഇനിയും എന്നെ ചെത്തിവെടിപ്പാക്കേണമേ എന്നു പ്രാർഥിക്കുവാൻ പ്രയാസം തോന്നുകയില്ല. നൂറു ശതമാനം വിജയത്തിനു വേണ്ടി ആഗ്രഹിക്കുകയും അദ്ധ്വാനിക്കുകയും ചെയ്താലെ എഴുപത്തിയഞ്ചു ശതമാനമെങ്കിലും നേടാൻ കഴിയുകയുള്ളു. ക്രിസ്തു എന്ന തലയോളം വളരുവാനും അവനെപ്പോലെ ആയിത്തീരുവാനും അവനോടു പറ്റിചേർന്നിരിക്കുവാനുമുള്ള തീവ്രമായ ആഗ്രഹം നമ്മിൽ ഉളവാകട്ടെ.

രണ്ടാമതായി, കർത്താവിനോടു പറ്റിച്ചേർന്നിരിക്കേണ്ടതിന് അവനോട് അപേക്ഷിക്കുന്നവരായിരിക്കണം അഥവാ പ്രാർഥിക്കുന്നവരായിരിക്കണം എന്ന് യേശു പഠിപ്പിച്ചു (യോഹ.15:7). വചനം നമ്മിൽ വസിക്കുമ്പോൾ ദൈവഹിതപ്രകാരം അവനോട് അപേക്ഷിക്കുവാൻ കഴിയും. ദൈവത്തിന്റെ ആത്മാവ് നമുക്കു തുണ നിൽക്കും. ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുവാനിടയാകും (റോമ. 8:27). അപ്പോൾ അപേക്ഷിക്കുന്നതു പ്രാപിക്കുവാനും കഴിയും. അർദ്ധരാത്രിവരെയും ചിലപ്പോൾ രാത്രി മുഴുവനും തന്നെ സ്കോട്ട്ലാന്റിനു വേണ്ടി പ്രാർഥിച്ച ജോൺ നോക്സിനെ ഏറ്റവും വലിയ ശത്രു സേനയേക്കാൾ അധികം ഭയപ്പെട്ടു എന്നാണ് മേരി രാജ്ഞി പറഞ്ഞത്. മാർട്ടിൻ ലൂഥർ ദിവസം മൂന്നു മണിക്കൂർ പ്രാർഥിക്കുമായിരുന്നു. രാത്രി മുഴുവൻ തറയിൽ കിടന്നു പ്രാർഥിച്ച ഡേവിഡ് ബ്രെയിനാൾഡ് റെഡ് ഇന്ത്യൻസിന്റെ രക്ഷയ്ക്കു കാരണക്കാരനായി തീർന്നു. ഹഡ്സൻ ടെയ്ലർ മുട്ടിന്മേൽ നില്ക്കുന്നതു കാണാതെ ചൈനയിൽ സൂര്യൻ ഉദിച്ചിരുന്നില്ല. ആഫ്രിക്കയിൽ അദ്ധ്വാനിച്ച ഡോ. ഡേവിഡ് ലിവിംഗ്സ്റ്റൺ മരിച്ചപ്പോൾ പോലും മുട്ടിന്മേൽ നില്ക്കുകയായിരുന്നു. ഇവരും അതുപോലെ മറ്റനേകരും ഫലം കായിച്ചതിൽ അത്ഭുതമില്ല. നമ്മുടെ പ്രാർഥനാ ജീവിതം എങ്ങനെ?

മണിക്കൂറുകൾ ദൈവവുമായുള്ള ബന്ധത്തിൽ, ദൈവഹിത പ്രകാരം ആത്മാവു നിയന്ത്രിക്കുന്നതുപോലെ പക്ഷവാദം ചെയ്യുവാൻ നമുക്കു കഴിയുന്നുണ്ടോ? നാം പ്രാർഥിക്കുന്നുണ്ടെന്നു വാസ്തവമാണ്. എന്നാൽ ഇതു പോരാ, ഇനിയും കൂടുതൽ പ്രാർഥിക്കേണ്ടത് ആവശ്യമാണ് എന്നു ഗ്രഹിക്കുവാനും ദൈവസന്നിധിയിൽ താഴുവാനും ഇടയാകുമെങ്കിൽ, അതിനായുള്ള ഏറിയ ആഗ്രഹം നമ്മെ ഭരിക്കുമെങ്കിൽ നാം വിജയത്തിലേക്കു നീങ്ങുവാൻ തുടങ്ങും. നമ്മുടെ അവസ്ഥയ്ക്കു മാറ്റം വരും; നാം ഫലം കായിക്കുന്നവരായി തീരും, കർത്താവിന്റെ നാമം മഹത്വപ്പെടുകയും ചെയ്യും. അവനോടു പറ്റിചേർന്നു ജീവിക്കുന്നവർ സ്നേഹത്തിൽ വസിക്കണം എന്ന് കർത്താവ് പഠിപ്പിച്ചു (യോഹ. 15:10). കൂടാതെ അവനിൽ വസിക്കുന്നു എന്നു പറയുന്നവർ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു. എന്നു അപ്പൊസ്തോലൻ എടുത്തു പറയുന്നു (1 യോഹ. 2:6). അവനെപ്പോലെ ആയിത്തീരുവാൻ നാം ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും നമ്മെത്തന്നെ ക്രമീകരിക്കുകയും ചെയ്യാം. ഇതിലെല്ലാം ഉപരിയായി അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചു പോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ (1 യോഹ. 2:28) എന്നും കാണുന്നു.

നാം പറയുന്ന ഓരോ വാക്കിനും കണക്കുബോധിപ്പിക്കേണ്ടിവരും. ഓരോ പ്രവർത്തിക്കും തക്കവണ്ണമാണ് പ്രതിഫലം ലഭിക്കുന്നത്. ആകയാൽ ലജ്ജിച്ചു തല താഴ്ത്തുവാനിട വരാതിരിക്കേണ്ടതിന് നമ്മുടെ ജീവിതത്തെ ക്രമീകരിച്ചേ മതിയാകെയുള്ളു. അതു സാദ്ധ്യമായിത്തീരുന്നത് അവനിൽ വസിക്കുമ്പോഴാണ്. ആകയാൽ അവനോടു പറ്റിച്ചേർന്നു ജീവിക്കുവാൻ ആഗ്രഹിക്കാം; അതിനായി എന്തു വിലയും കൊടുക്കുവാൻ തയ്യാറാകാം. ദൈവം നമ്മെ അതിനായി ഒരുക്കട്ടെ.

# സന്തോഷകരമായ ജീവിതത്തിന് 9 വഴികൾ



**ദിവസവും സന്തോഷം പകരാൻ കഴിയുന്ന ചില പ്രവർത്തികളിൽ ഏർപ്പെടുക.**

താങ്കൾ യഥാർഥത്തിൽ സന്തോഷവാനാണോ? താങ്കൾക്ക് സന്തോഷത്തിന്റെ അർത്ഥം എന്താണെന്നും അത് എങ്ങനെ നേടാമെന്നതിനെക്കുറിച്ചും അറിയാമോ? സന്തോഷം കണ്ടെത്തുവാൻ ആഗ്രഹിക്കുന്നവർ സ്വയം ചോദിക്കേണ്ട കാര്യമാണിത്. എന്റെ സന്തോഷത്തിനായുള്ള പരിശ്രമത്തിനിടയിൽ മറ്റുള്ളവർ വേദനിക്കപ്പെടാറുണ്ടോ? സ്വയം സന്തോഷിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അതിന് എനിക്ക് സാധിക്കണമെന്നും കഴിയണമെന്നും മനസിലാക്കണം. ജിവിതത്തിന്റെ ലക്ഷ്യത്തിലെത്തിച്ചേരാൻ സന്തോഷവും സന്താപവും സഹിക്കേണ്ടി വരുമെന്ന യഥാർത്ഥ്യം പലപ്പോഴും മറന്നു പോകുന്നു. ജീവിതത്തിൽ മറ്റ് എന്തിനെക്കാളും സന്തോഷമാണ് അത്യാവശ്യം.

1. താങ്കളെ സന്തോഷിപ്പിക്കുന്ന ഘടകമെന്തെന്ന് കണ്ടെത്തുക, സന്തോഷം കണ്ടെത്തുക എന്നത് ഏതൊരാളിന്റെയും ആഗ്രഹമാണെങ്കിലും കണ്ടെത്തുന്നതിനുള്ള വഴി വിവിധമാണ്. വ്യക്തിത്വത്തെ നിലനിർത്തിക്കൊണ്ട് മറ്റാരോടും തുലനം ചെയ്യാതെ തനിക്കാവശ്യമുള്ള സന്തോഷം കണ്ടെത്തുവാൻ ശ്രമിക്കുക.

2. ലക്ഷ്യത്തിലെത്തിച്ചേരാൻ വ്യക്തമായ പദ്ധതികൾ തയ്യാറാക്കുക. അത് സംഭവിക്കും എന്ന് ഓർത്ത് സന്തോഷിക്കുക. ലക്ഷ്യത്തെക്കുറിച്ചുള്ള ചിന്ത താങ്കളെ കൂടുതൽ സന്തോഷിപ്പിക്കും. കാരണം മനസ്സ് ലക്ഷ്യത്തെ കേന്ദ്രീകരിക്കും.

3. സന്തോഷിക്കുന്ന ആളുകളുടെ കൂട്ടത്തിൽ നില്കുക. കാരണം നിരാശയും ദുഃഖവും നിറഞ്ഞ ഒരു സമൂഹത്തിന് നടുവിൽ നിൽക്കുന്ന ഒരാളെ അവരുടെ മനോഭാവം സ്വാധീനിക്കും. അതുകൊണ്ട് സന്തോഷത്തിന്റെ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു സംരക്ഷിത വലയം തീർക്കുക.

4. സന്ദർഭങ്ങൾ ദുഷ്കരമാകുമ്പോൾ അതിന് പരിഹാരം കണ്ടെത്തുന്നതിനു പകരം നിരാശയുടെ ചെളിക്കുഴിയിൽ വീണ അനുഭവം സൃഷ്ടിക്കരുത്. സന്തോഷകരമായി ജീവിക്കുന്ന ഒരാൾ ഒരിക്കലും പ്രതികൂല അവസ്ഥയിൽ ചിന്തിച്ച് നിരാശപ്പെടാതെ കാര്യങ്ങൾ നേരെയാകും എന്ന ശുഭാപ്തി വിശ്വാസത്തിൽ ജീവിക്കും.

5. ദിവസവും സന്തോഷിക്കാൻ കഴിയുന്ന ചില കാര്യങ്ങളെക്കുറിച്ച് കുറെ നേരം ചിന്തിക്കുക. ഈ നിമിഷങ്ങൾ ശരിയായ ചിന്തകളിലേക്ക് നമ്മെ നയിക്കുകയും, തുടർമാനമായ സന്തോഷാനുഭവത്തിൽ നിലനിൽക്കാനും സഹായിക്കും.

6. ദിവസവും സന്തോഷം പകരാൻ കഴിയുന്ന ചില പ്രവർത്തികളിൽ ഏർപ്പെടുക. ഇഷ്ടപ്പെട്ട ആഹാരം കഴിക്കുക, ദീർഘനേരം കുളിക്കുക.

7. സന്ദർഭോചിതമായ തമാശകൾ പറയുക. ഒപ്പം ഗൗരവം കാണിക്കേണ്ടിടത്ത് ഗൗരവവും, ഫലിതം പറയേണ്ടിടത്ത് ഫലിതവും പറഞ്ഞാൽ അത് ആത്മസംതൃപ്തിക്ക് കാരണമാകും.

8. ആരോഗ്യ സംരക്ഷണവും സന്തോഷകരമായ ജീവിതത്തിന്റെ അടിസ്ഥാന ഘടകമാണ്. അമിതഭാരവും അമിത ഭക്ഷണവും സന്തോഷം കുറയ്ക്കുന്ന ചില കാരണങ്ങളാണ്. അതിന് ശരിര വ്യായാമവും ആവശ്യമാണ്.

9. സ്വയം ധൈര്യപ്പെടുത്തൽ സന്തോഷകരമായ ജീവിതത്തിന് അനിവാര്യമാണ്. സ്വയം ധൈര്യപ്പെടുത്തുക, സ്വയം ആശ്വസിക്കുക. സ്വയംസന്തോഷം എന്ന വാക്കിന് ഒറ്റ വാക്കിൽ നിർവചനം കണ്ടെത്തുക പ്രയാസമാണ്. അതുകൊണ്ട് തന്നെ സന്തോഷത്തിലാണോ, നിരാശയിലാണോ നാം ജീവിക്കുന്നത് എന്ന് പലപ്പോഴും നമുക്ക് സ്വയം തിരിച്ചറിയുവാൻ കഴിയുന്നില്ല. ചിലർ വിചാരിക്കുന്നത് സന്തോഷം ചിലരുടെ ഭാഗ്യവും, ദുഃഖം ചിലരുടെ ദൗർഭാഗ്യവും എന്നാണ്.

# ആദ്യമലയാളി പെന്തെക്കോസ്തു സഭ: 40–ാം വാർഷികം

ഷിക്കാഗോ: ഷിക്കാഗോയിലെ ആദ്യപെന്തക്കൊസ്തു സഭയുടെ നാല്പതാം വാർഷികം 2013 നവബർ 9,10 തീയതികളിൽ ഇന്റർനാഷണൽ പെന്തക്കൊസ്ത് അസംബ്ലിയിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. പാസ്റ്റർ ജോസഫ്. കെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫ്ളോറിഡ ലെയ്ക് ലാൻഡ് ഐ. പി. സി. യുടെ ശുശ്രൂഷകനും ആദ്യകാല വിശ്വാസിയും ആയിരുന്ന പാസ്റ്റർ സാം നൈനാൻ, ഡോ. എബ്രാഹാം എന്നിവർ മുഖ്യ അതിഥികളായിരുന്നു.

ഇതര സഭാപ്രതിനിധികളായി പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ, റവ. വില്ലി ഏബ്രഹാം, പാസ്റ്റർ കെ. പി. മാത്യൂ, പാസ്റ്റർ ബി. ഐ. ശാമുവേൽ, പാസ്റ്റർ ബാബു മത്തായി, പാസ്റ്റർ കെ. എം. തിമൊഥി, പാസ്റ്റർ ജിജി പി. ഉമ്മൻ തുടങ്ങിയവരും സഹശുശ്രൂഷകന്മാരും ആശംസകൾ അറിയിച്ചു.

ഞായറാഴ്ച നടന്ന സഭായോഗത്തോട് അനുബന്ധിച്ചു പാസ്റ്റർ കെ. ജോസഫ് തിരുവത്താഴ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. നിലവിലെ അംഗങ്ങൾക്കു പുറമേ, മുൻ അംഗങ്ങളും തങ്ങളുടെ അനുഭവങ്ങളുടെ സ്മരണ പുതുക്കി. ക്രൈസ്തവ പത്രാധിപരെ പ്രതിനിധീകരിച്ച് കുര്യൻ ഫിലിപ്പ് ആശംസകൾ അറിയിച്ചു.

സഭയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ തനതായ സംഭാവനകൾ നല്കിയവരെ ചടങ്ങിൽ പ്രേത്യേകം ആദരിച്ചു. പരേതനായ പാസ്റ്റർ എം. എസ്. ജോർജിനുവേണ്ടി ഭാര്യ കുഞ്ഞമ്മ ജോർജ് ഫലകം ഏറ്റുവാങ്ങി.

വൈദിക വിദ്യാർഥിയായി ഷിക്കാഗോയിൽ എത്തിയ പാസ്റ്റർ ജോസഫ് കെ. ജോസഫ് 1972–ൽ ചുരുക്കം പേരുമായി കൂടിയാരംഭിച്ചതാണ് അമേരിക്കയിലെ ആദ്യ മലയാളി പെന്തെക്കോസ്തു കൂട്ടായ്മ.

# ഏറ്റു പറച്ചിലിനായ് പോപ്പും



വത്തിക്കാൻ: എല്ലാ മനുഷ്യരെപോലെയും പുരോഹിതനും തിരുമേനിയും പോപ്പും കേവലം മനുഷ്യരാകയാൽ എല്ലാ രണ്ട് ആഴ്ചകൾ കൂടുമ്പോഴും താനും പാപങ്ങൾ ഏറ്റു പറയാൻ പോകുന്നു എന്ന് ഫ്രാൻസിസ് മാർപ്പായുടെ വെളിപ്പെടുത്തൽ. തീർച്ചയായും ഏറ്റുപറയുന്ന ഏതുതരം പാപിക്കും ക്ഷമ നല്കുന്നവനാണ് ദൈവം. എന്നാൽ ക്രിസ്ത്യാനി ക്രിസ്തുവുമായി ബന്ധപ്പെട്ടവനും, ക്രിസ്തു തന്റെ സഭയെ ഒരുമിച്ച് നിർത്തുന്നവനുമാണ്. സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ പോപ്പ് നടത്തിയ ഈ പ്രസ്താവനയെക്കുറിച്ച് കത്തോലിക്ക ന്യൂസ് സർവീസാണ് റിപ്പോർട്ടു ചെയ്തിരിക്കുന്നത്. ദൈവം സകലരോടും മഹാദയയും ദീർഘക്ഷമയും ഉള്ളവനാണ്. എന്നാൽ ക്രിസ്തുസഭ തങ്ങളുടെ ദൈനംദിന ജീവിതത്തിലെ ചെയ്തികൾക്ക് ദൈവത്തോട് ക്ഷമചോദിക്കേണ്ടവരാണ്. കത്തോലിക്ക സഭയുടെ ചരിത്രത്തിൽ ഇതുവരെ ഒരു മാർപാപ്പമാരും പറയാത്ത വചനസത്യങ്ങളെ ലോകത്തിന് വെളിപ്പെടുത്തികൊണ്ട്, കേവലം കത്തോലിക്ക സമൂഹത്തെ മാത്രമല്ല, ലോക ക്രൈസ്തവരെ മുഴുവനെയും താൻ ദൈവവചനം പഠിപ്പിക്കുകയാണ്.

ഭാവന

# ക്രിസ്ത്യൻ ഫാർമസി



ആത്മാവിന്റെ ഫലങ്ങളും ക്രിസ്തീയ ജീവിതത്തിന്റെ മൂന്നു വിധത്തിലുള്ള മൂലവേരുകളും ചേർത്ത് എണ്ണയുണ്ടാക്കുന്ന വിധം.



ബ്രദർ സുനിൽ

### ആവശ്യമുള്ള സാധനങ്ങൾ

1. സ്നേഹമാകുന്ന കുറുന്തോട്ടി വേര് – 2 കഴഞ്ച്
2. സന്തോഷമാകുന്ന കയ്യൂന്നി വേര് – 2 കഴഞ്ച്
3. സമാധാനമാകുന്ന കുങ്കുമത്തിൻ വേര് – 3 കഴഞ്ച്
4. ദീർഘക്ഷമയാകുന്ന കാഞ്ഞിരത്തിൻ വേര് – 1 കഴഞ്ച്
5. ദയ എന്ന സന്നിനായകം – 2 കഴഞ്ച്
6. പരോപകാരം എന്ന എണ്ണ – 1 തുടം
7. വിശ്വസ്തത എന്ന തുളസിനീർ– 4 തുടം
8. സൗമ്യത എന്ന വേപ്പിൻ തൊലി – 3 കവർ
9. ഇന്ദ്രിയജയം എന്ന കർപ്പൂരം – 1 കവർ

### തയാറാക്കുന്ന വിധം

സ്നേഹമാകുന്ന കുറുന്തോട്ടി വേരും സന്തോഷമാകുന്ന കയ്യൂന്നിയും സമാധാനമാകുന്ന കുങ്കുമത്തിൻ വേരും ചേർത്ത് ഇടിച്ചുപിഴിഞ്ഞ് സമർപ്പണം എന്ന നീര് എടുക്കുന്നു. വിശ്വസ്ത എന്ന തുളസിനീരു ചാലിച്ച് വിശ്വാസം എന്ന കുഴമ്പെടുക്കണം. ദീർഘക്ഷമയെന്ന കാഞ്ഞിരത്തൊലിയും സൗമ്യതയാകുന്ന വേപ്പിൽ തൊലിയും ഉണക്കിയിടിച്ചെടുക്കുക. പരിശുദ്ധാത്മാവ് എന്ന തീയിൽ ഹൃദയമാകുന്ന ചീനച്ചട്ടിയിൽ പരോപകാരം എന്ന എണ്ണ ഒഴിക്കുക. തിളക്കുമ്പോൾ 1, 2, 3 എന്നീ ചേരുവകൾ ചേർത്തുണ്ടാക്കിയ സമർപ്പണനീര് ഒഴിക്കുക. അഞ്ച് മിനിട്ടുകഴിഞ്ഞ് 5, 7 ചേരുവകൾ ചേർന്ന വിശ്വാസം എന്ന കുഴമ്പ് എണ്ണയിലിട്ട് ഇളക്കുക. അത് ചേർത്തിട്ട് തിളച്ചുതുടങ്ങുമ്പോൾ 4, 8 ചേരുവകൾ ചേർത്തുണ്ടാക്കിയ കൂട്ടായ്മ എന്ന പൊടി വിതറി ഇറക്കിവെയ്ക്കുക. ഈ എണ്ണ തണുക്കുമ്പോൾ ഇന്ദ്രീയജയം എന്ന കർപ്പൂരം പൊടിച്ച് ഉപയോഗിക്കുക.

ജഡത്തിന്റെ പ്രവർത്തികളായ ക്രോധം, ശാഠ്യം, പിണക്കം, മദ്യപാനം, വിഗ്രഹാരാധന, എന്നിവിധമായ എല്ലാ രോഗങ്ങൾക്കും ഈ എണ്ണ ഏറ്റവും ഗുണം ചെയ്യുന്നു.

ആവശ്യപ്പെടേണ്ട വിലാസം:
ക്രിസ്ത്യൻ ഫാർമസി,
സൗമ്യത ജംഗ്ഷൻ,
സമാധാന ഭവൻ,
വിശ്വസ്തത. പി. ഒ., സ്വർഗം



**നമ്മുടെ ജീവിതപെരുമാറ്റ രീതികൾ കുട്ടികളിൽ നല്ല മൂല്യങ്ങൾ ആർജിക്കുന്നതിന് പ്രോത്സാഹകരമാംവിധമാണെങ്കിൽ, നാം പറയുന്ന മൂല്യവബോധം സംബന്ധിച്ച ഉപദേശങ്ങൾക്ക് അവർ വലിയ വില കല്പിക്കും.**

# മൂല്യങ്ങൾ എങ്ങനെ വിനിമയം ചെയ്യണം?



**ജോർജ്ജ് സാമുവേൽ**

അദ്ധ്യാപകരിൽ നിന്നും മുതിർന്നവരിൽ നിന്നും കുട്ടികൾ കണ്ടു പഠിക്കുന്ന വിവിധ വിഷയങ്ങളിൽ ഒന്നാണ് മൂല്യാഭ്യാസനം. അവരുടെ മനോഭാവത്തെ രൂപപ്പെടുത്തുന്ന പല ഘടകങ്ങളും അദ്ധ്യാപകരിൽ നിന്നല്ലാതെയും വന്നു ചേരുന്നുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. കൊച്ചുകുട്ടികൾ ആയിരിക്കുമ്പോൾ അവർക്ക് അനുകരിക്കാൻ കൊള്ളാവുന്ന ചിലരെ ആരാധ്യപുരുഷന്മാരായി അവരുടെ ഉള്ളിൽ അനുകരിച്ചു വയ്ക്കാറുണ്ട്. അനുദിനം അവർ പഴകുന്ന മാതാപിതാക്കളെയും അദ്ധ്യപകരെയും കൂടാതെ സിനിമാ ലോകത്തും കായിക ലോകത്തും മറ്റും ഉള്ളവരും ഉൾപ്പെടാറുണ്ട്. കുട്ടികളിൽ മൂല്യവബോധം വളർത്തുന്നതിൽ അവരുടെ സ്വാധീനം വലിയതുതന്നെ. ഒരുപക്ഷെ അവർ നാം പറയുന്നതും ചെയ്യുന്നതും വീക്ഷിച്ച് പലതും പിടിച്ചെടുക്കുന്നുണ്ട് എന്ന് ഓർക്കേണ്ടിയിരിക്കുന്നു.

രസകരമായ ഒരു അനുഭവം മാതാപിതാക്കളെ വിഷമത്തിലാക്കിയത് കേട്ടിട്ടുണ്ട്. ഒരു വീട്ടിൽ അവരുടെ സഭാമേലദ്ധ്യക്ഷനായ ബിഷപ്പിനെ ഉച്ചഭഷണം കഴിക്കുവാൻ ക്ഷണിക്കുകയുണ്ടായി. ഭക്ഷണ മേശ ഒരുക്കുന്നതിൽ സ്പൂൺ, ഫോർക്ക്, നാപ്കിൻ ആദിയായവ ഓരോ സീറ്റനുസരിച്ച് ക്രമമായി വെക്കുന്ന ജോലി അവിടുത്തെ ഇളയ മകന്റേതായിരുന്നു. നേഴ്സറി ക്ലാസിൽ പഠിക്കുന്നവനെങ്കിലും അപ്രകാരമുള്ള ചെറുജോലികൾ ചെയ്ത് അമ്മയെ സഹായിക്കുമായിരുന്നു. കൃത്യസമയത്ത് ബിഷപ്പും അദ്ദേഹത്തിന്റെ സെക്രട്ടറി അച്ചനും വന്നു ചേരുകയും ഭക്ഷണ മേശയിൽ ആനയിക്കപ്പെടുകയും ചെയ്തു. അവരവർക്കായി പ്രത്യേകം നിശ്ചയിച്ചിരുന്ന ഇരിപ്പിടങ്ങളിൽ സ്ഥാനമുറപ്പിച്ചു കഴിഞ്ഞപ്പോൾ വീട്ടുകാരത്തി ഇളയമകൻ പതിവുപോലെ ചെയ്യാറുള്ള സ്പൂൺ ആദിയായവയെല്ലാം ഓരോരുത്തർക്കും ലഭ്യമായിട്ടുണ്ടോ എന്നു ശ്രദ്ധിക്കുകയുണ്ടായി. ബിഷപ്പിന്റെ മുമ്പിൽ മേശപ്പുറത്ത് ഒന്നും തന്നെ വച്ചിട്ടില്ല എന്നു മനസിലായി. അതിഥികളുടെ മുമ്പിൽ വച്ചുതന്നെ മകനെ ചോദ്യം ചെയ്തു. എന്തുകൊണ്ടു ബഷപ്പിനുമാത്രം സ്പൂണും പോർക്കും വെക്കാഞ്ഞതെന്ന് അല്പം ഗൗരവത്തോടുകൂടെ ചോദിച്ചപ്പോൾ അവനിൽ നിന്നുണ്ടായ മറുപടി: 'മമ്മിയും ഡാഡിയും പറഞ്ഞതല്ലെ; ഇന്നു ഭക്ഷണം കഴിക്കാൻ വരുന്ന ബിഷപ്പ് പന്നിയെ പോലെയാണ് തിന്നുന്നതെന്ന്'.

ഒരു പക്ഷെ നാം കരുതിയേക്കാം ഇങ്ങനെയുള്ളതൊന്നും അവർ കേൾക്കുന്നില്ല എന്ന്. വാസ്തവത്തിൽ അവർ നാം പറയുന്നതു പലതും ശ്രദ്ധിച്ച് കാര്യമായി തന്നെ എടുക്കുകയാണ്. പേനാ മഷിയിൽ മുക്കി എഴുതിയിരുന്ന കാലത്ത് ബ്ലോട്ടിഗ് പേപ്പർ ഉപയോഗിച്ചിരുന്നു. അതുപോലെ കുട്ടികൾ അവരുടെ മനോഭാവം രൂപപ്പെടുത്തുന്നതിന് ഭവനാന്തരീക്ഷത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഓരോ കാര്യങ്ങൾ പിടിച്ചെടുത്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മൂല്യാഭ്യാസനം നൽകുന്നതിനായി ഒരു മണിക്കൂർ സമയം എല്ലാ ദിവസവും മാറ്റിവെച്ചുകളയാം എന്നു ചിന്തിക്കുന്നതും വ്യഥാ പ്രയത്നമത്രേ. കാരണം മൂല്യാഭ്യാസനം സ്വഭാവികമായി പിടിച്ചെടുക്കുന്നവയാണ്. അത് നിർദ്ദേശിച്ച് കൊടുത്തതുകൊണ്ട് അവർ പഠിക്കുകയില്ല. അദ്ധ്യാപകൻ അത് പറഞ്ഞുകൊടുത്തു പഠിപ്പിക്കാവുന്നതുമല്ല. മൂല്യങ്ങൾ പഠിച്ചെടുക്കുകയാണ്, പഠിപ്പിച്ചെടുക്കുകയല്ല എന്നു സാരം.

### എങ്ങനെ മൂല്യങ്ങൾ പഠിച്ചെടുക്കുന്നു?

നമ്മുടെ പെരുമാറ്റവും പ്രതികരണങ്ങളും എല്ലാം സശ്രദ്ധം വീക്ഷിക്കുന്ന കുട്ടികൾ അതിലൂടെ മൂല്യങ്ങൾ പിടിച്ചെടുക്കുകയാണ്. നാം നമ്മെതന്നെ മറ്റുള്ളവർക്ക് സംവേദനം ചെയ്യുന്നത് നമ്മൾ ഏതുവിധ സ്വാഭാവഗുണക്കാരാണെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് (We are known by what we are, or we communicate by what we are). മേശമേൽ ഒരു ഗ്ലാസ് നിറയെ പാലും മറ്റൊരു ഗ്ലാസ് നിറയെ വിഷവും നിറച്ചു വച്ച് മേശ കുലുക്കിയാൽ അതാതു ഗ്ലാസിന്റെ ഉള്ളിലുള്ളത് പുറത്തേക്കു തുളുമ്പുന്നു. നാം ഓരോ സാഹചര്യങ്ങളിൽ എന്തെല്ലാം വിളിച്ചു പറയുന്നു, പ്രവർത്തിക്കുന്നു, പ്രദർശിപ്പിക്കുന്നു എന്നതിലൂടെ നമ്മുടെ ഉള്ളത്തിലുള്ളത് സ്വാഭാവികമായി അതിവേഗം പുറത്തുവരുന്നു. നമ്മുടെ ജീവിതശൈലിയിലൂടെ പ്രകടമാകുന്നത് നാം എന്തു വിശ്വസിക്കുന്നു എന്നും നമ്മുടെ മൂല്യാവബോധനം പകരുക എന്നതാണ്. വിവരണമോ, പ്രസംഗമോ, വാദപ്രതിവാദമോ ഒന്നും കൂടാതെതന്നെ നാം വിലമതിക്കുന്നതായ മൂല്യങ്ങൾ ജീവിതത്തിലൂടെ പ്രഘോഷിക്കുന്നു. കുട്ടികൾക്ക് നല്ല മൂല്യങ്ങൾ പഠിച്ചെടുക്കുവാൻ തക്കവണ്ണമുള്ള നല്ല ആളത്വത്തിന്റെ ഉടമകൾ ആയിരിക്കേണം മുതിർന്നവരും അദ്ധ്യാപകരും.

വളരെ അധികം സേവനസാദ്ധ്യതകളുള്ള നമ്മുടെ സമൂഹത്തിൽ നാം ചെയ്യുന്ന പ്രവർത്തികൾ മറ്റള്ളവർ വീക്ഷിക്കുകയും അതിലൂടെ നമുക്കുള്ള മൂല്യവബോധം അവർ കാണുകയും ചെയ്യുന്നു. അദ്ധ്യാപകൻ ആചാര്യനെന്നും പറയാം. ആചരിച്ചുകാട്ടുന്നവൻ പറയുക മാത്രമല്ല പറയുന്നതു പ്രവർത്തിയിലാക്കി കാട്ടുകയും ചെയ്യുന്ന വ്യക്തി. ഓരോ കാര്യങ്ങൾ ചെയ്യുന്ന വ്യക്തികളായി ആളുകൾ നമ്മെ കാണുന്നതുകൊണ്ടാണല്ലോ നമ്മിൽ ചിലർക്കുള്ള ഔദ്യോഗിക നാമത്താൽ നാം അറിയപ്പെടുന്നത്. ചെയ്യുന്ന പ്രവർത്തി മെച്ചപ്പെട്ട സേവനമായോ നിലവാരം കുറഞ്ഞ പ്രവർത്തികളായോ തീരുന്നതിലൂടെ നമ്മുടെ മൂല്യാവബോധം വിനിമയം ചെയ്യപ്പെടുന്നു (We are known by what we do, or we communicate by what we do). മൂല്യങ്ങളെ പറ്റി പറയുക മാത്രമല്ല ഓരോ സാഹചര്യത്തിൽ നമ്മുടെ പ്രവർത്തി – നമ്മുടെ അദ്ധ്യാപനം ഉൾപ്പെടെ കുട്ടികൾക്ക് ഹൃദ്യമാവണം. അവരുടെ പശ്ചാത്തലം കണക്കിലെടുത്ത് അവർ പഠിച്ചെങ്കിലേ പറ്റു; അതുവരെ ഞാൻ അടങ്ങിയിരിക്കുകയില്ല എന്ന മനോഭാവത്തോടും കരുതലോടും സ്നേഹത്തോടും അതേസമയം ഗൗരവത്തോടും കൂടെ തന്നെ നമ്മുടെ കടമ നിർവഹിക്കുമ്പോൾ കുട്ടികൾ അതിൽ നിന്നും മൂല്യങ്ങൾ പിടിച്ചെടുക്കും. കേവലം കടമകൾ നിർവഹിക്കുകയെന്നല്ല നാം ചെയ്യുന്ന പ്രവർത്തികളോടു സ്നേഹമെന്ന മൂല്യവും കൂടെ ചേർക്കണം. അപ്പോൾ അത് യഥാർത്ഥത്തിൽ ധർമ്മമെന്ന് പരിഗണിക്കുന്നു. ധർമ്മമെന്നത് ആരുടെയും ഭീഷണിയാലോ പ്രലോഭനത്തിനാലോ, നിർബന്ധത്താലോ ഒന്നും ചെയ്യുന്നതല്ല. മാനുഷിക ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്ന സേവനങ്ങൾ ആണെങ്കിലും അതു നാം ചെയ്യേണ്ടത് ദൈവത്തിനെന്നപോലെ ആയിരിക്കേണം. ഉദാഹരണമായി ഒരു മുറി തുടച്ചു വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ പ്രസ്തുത മുറി ദൈവത്തിന്റെ ഉപയോഗത്തിനൊരുക്കുന്ന വിധം തന്റെ ചുമതല നിർവഹിക്കേണ്ടതാണ്. സേവനങ്ങൾ പ്രവർത്തിപഥത്തിലൂടെ മെച്ചമാം വിധം കാഴ്ചവെയ്ക്കുന്നതിന്റെ പിന്നിലുള്ളത് നമ്മിൽ രൂപപ്പെടുത്തിയിട്ടുള്ള നല്ല മൂല്യങ്ങളാണ്. പ്രവർത്തികളിലൂടെ കാണുന്ന മൂല്യങ്ങൾ കുട്ടികൾ വളരെ വേഗം പിടിച്ചെടുക്കുന്നു.

### ആശയവിനിമയം മനസിലാകും വിധമാകണം

നാം പറയുന്ന വാക്കുകളിലൂടെയുള്ള ആശയവിനിമയം ആശയങ്ങൾ കൈമാറുന്നതിൽ മുഖ്യസ്ഥാനം വഹിക്കുന്നു. സാധാരണഗതിയിൽ നമ്മിൽ നിന്നും പുറപ്പെടുന്ന വാക്കുകളിലൂടെയാണ് പരസ്പരം വിനിമയം നടത്തുന്നത്. നമ്മുടെ വാക്കുകൾ തുടർന്നു കേൾക്കേണം എന്നുള്ള ആഗ്രഹമോ, നമുക്കുനേരെ ചെവിയടയ്ക്കേണം എന്നുള്ള ചിന്തയോ, ഈ ആശയവിനിമയത്തിലൂടെ നാം ഉളവാക്കുന്നു. ഉപയോഗിക്കുന്ന വാക്കുകൾ നമ്മിൽ ധ്വനിപ്പിക്കുന്ന അർത്ഥം തന്നെയാണോ കുട്ടികളിലും ധ്വനിപ്പിക്കുന്നത്? കുട്ടികൾക്കു മനസിലാകുന്ന വിധത്തിൽ നല്ല മൂല്യങ്ങളെ പറ്റി പറഞ്ഞുകൊടുക്കുവാൻ നാം കടപ്പെട്ടവരാണ്. നമ്മെ മറ്റുള്ളവർ അറിയുന്നത് നാം എന്തു പറയുന്നു എന്നതിലൂടെയാകുന്നു (We are also known by what we speak or, we communicate by what we say). അദ്ധ്യാപകരെങ്കിൽ നാം നമ്മുടെ അറിവിന്റെ തലത്തിൽ നിന്നും കുട്ടികളുടെ പഠനനിലവാരത്തിന്റെ പരിമിതിയിലേക്കിറങ്ങിചെല്ലേണ്ടിയിരിക്കുന്നു. നമുക്ക് വ്യക്തമായി അറിയുവാനും ഗ്രഹിക്കുവാനും കഴിയുന്നതായ വസ്തുതകൾ, കുട്ടികൾക്ക് അപ്രകാരം ഗ്രഹിക്കുവാൻ കഴിയണമെന്നില്ല. പിതാവിന്റെ കൈയ്യിൽ പിടിച്ചുകൊണ്ടു റബർത്തോട്ടത്തിലൂടെ നടന്നുപോയ മകനെ മുകളിലേക്കു നോക്കി ചന്ദ്രനെ കാണുവാൻ പിതാവു നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ എത്ര നോക്കിയിട്ടും കുട്ടിക്കു ചന്ദ്രനെ കാണുവാൻ കഴിഞ്ഞില്ല. അല്പനേരം ശാസിച്ചതിനു ശേഷം ആ പിതാവിനു നല്ല ബുദ്ധി തോന്നുകയും തന്റെ തല കുട്ടിയുടെ ഉയരത്തിനനുസരിച്ചു താഴ്ത്തി മുകളിലേക്കു നോക്കുവാൻ തുടങ്ങി. അപ്പോഴാണ് ചന്ദ്രനും കുട്ടിയുടെ ദൃഷ്ടിപഥത്തിനുമിടയ്ക്ക് റബർ മരങ്ങളുടെ ഇലകൾകൊണ്ടുണ്ടായ തടസം മനസിലാക്കുന്നത്. കുട്ടികളുടെ നിലവാരത്തിലുള്ള ചില കാര്യങ്ങൾ കൂടെ നാം പഠിച്ചെങ്കിൽ മാത്രമേ അവർക്കു മനസിലാകുന്ന വിധത്തിൽ സംസാരിക്കാൻ കഴിയു. അവരോട് അൽപസമയമെങ്കിലും അടുത്തു പെരുമാറുവാനുള്ള സന്നദ്ധത നമുക്കുണ്ടായിരിക്കേണം.

### ജീവതമാതൃകയുടെ സ്വാധീനം

നമ്മുടെ ജീവിതപെരുമാറ്റ രീതികൾ കുട്ടികളിൽ നല്ല മൂല്യങ്ങൾ ആർജിക്കുന്നതിന് പ്രോത്സാഹകരമാംവിധമാണെങ്കിൽ, നാം പറയുന്ന മൂല്യവബോധം സംബന്ധിച്ച ഉപദേശങ്ങൾക്ക് അവർ വലിയ വില കല്പിക്കും. നമ്മൾ ഉപദേശിക്കുന്നതിന്റെ സാംഗത്യവും അവർക്ക് തിരിച്ചറിയുവാൻ കഴിയും. എന്നാൽ ഉന്നതമാർന്ന മൂല്യങ്ങളെ സംബന്ധിച്ചു പറഞ്ഞു കൊടുക്കുന്ന അദ്ധ്യാപകരും മുതിർന്നവരുമായ നമ്മുടെ ധാർമിക നിലവാരം താഴ്ന്നതും അധഃപതിച്ചതുമായ നിലയിലാണെങ്കിൽ കുട്ടികൾ നമ്മിലെ വിരോധാഭാസമായിരിക്കും കാണുന്നത്. നല്ല മാതൃകാ ജീവിതത്തിലും പ്രതികരണത്തിലും മാറ്റു കാട്ടുന്നതിന്റെ ശക്തിയും പ്രയോജനവും വാസ്തവത്തിൽ വളരുന്ന തലമുറയിൽ ദൂരവ്യാപകമായ നല്ല ഫലങ്ങൾ ഉളവാക്കുന്നതാണ്. നല്ല മൂല്യാവബോധത്തോടു കൂടി, ജീവിത മാതൃകയുള്ള വ്യക്തകളിൽ നിന്നും വിനിമയം ചെയ്യപ്പെടുന്ന സന്ദേശം സ്വീകരിക്കുവാൻ സാധാരണ ഗതിയിൽ കേൾവിക്കാരായ ആളുകൾ സന്നദ്ധത പ്രകടിപ്പിക്കുന്നു. ഉപദേശിക്കുന്നതിന് അനുസരണമായ ജീവിത മാതൃക ഇല്ലെങ്കിൽ കേൾവിക്കാർ നമുക്ക് ചെവിതരേണമെന്ന് ആവശ്യപ്പെടുവാനും പ്രയാസമാകുന്നുവല്ലോ.

ഒരു വിധത്തിൽ മൂല്യങ്ങളെക്കുറിച്ച് മുതിർന്നവരായ നാം കുട്ടികളുടെ ശ്രദ്ധ പിടിച്ചുപറ്റി വാക്കുകളിലൂടെ വിനിമയം ചെയ്യുവാൻ തുടങ്ങുന്നതിനും മുമ്പുതന്നെ കുട്ടികൾ നമ്മുടെ അടുത്തുവന്ന് നല്ല മൂല്യങ്ങളെക്കുറിച്ച് അവർക്ക് ഉപദേശം നല്കിയാട്ടെ എന്നവർ പറയേണ്ടിയിരിക്കുന്നു. (കുട്ടികൾക്ക് നല്ല റാങ്ക് ലഭ്യമാക്കി കൊടുക്കുന്നതിന് ആവേശപൂർവം വിവിധ വിഷയങ്ങൾ അവരെ പഠിപ്പിക്കുവാൻ വേണ്ട ഒരുക്കത്തിൽ ഒട്ടും കുറയാതെ കാര്യഗൗരവത്തോടു കൂടി മൂല്യാഭ്യസനം നല്കുന്നതിനു നമുക്ക് ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. സ്വഭാവഗുണമെന്നത് പഠന സംബന്ധമായ മറ്റു നേട്ടങ്ങൾക്ക് പിൻബലമാക്കുവാൻ നാം മൂല്യാഭ്യാസനത്തിന് പ്രാധാന്യം കല്പിക്കണം. നമ്മുടെ വിനിമയരീതികൾ തന്നെ അതിന് സഹായകരമാകേണം. സന്ദേശം വിനിമയം ചെയ്യുന്ന 'സന്ദേശവാഹകൻ' തന്നെ 'സന്ദേശ'വുമാകുന്നു എന്നുള്ള പരമാർഥം എല്ലായ്പ്പോഴും നാം ഓർത്തുകൊണ്ട് ജീവിതത്തെ ക്രമീകരിച്ചുകൊണ്ടുള്ളതായ മൂല്യാഭ്യാസനത്തിന് ഒരുങ്ങാം.



# ആർക്കും വേണ്ടാത്ത ഞാൻ...



ഡീപ്സൺ

ഞാൻ ജനിച്ചപ്പോഴെ എന്റെ നിറം ആർക്കും പിടിച്ചിരുന്നില്ല. കാരണം, ഞാൻ വളരെ കറുപ്പായിപ്പോയി എന്നതായിരുന്നു. അതുകൊണ്ട് പലരും എന്നെ തിരിഞ്ഞുനോക്കാറുപോലും ഇല്ലായിരുന്നു. എനിക്കിങ്ങനെ ഒരു കറുത്ത ഉടുപ്പുണ്ടെങ്കിലും, ചിലർ എന്റെ അകത്തെ വെളുപ്പുകണ്ട് മാറോട് അണയ്ക്കാറുണ്ട്. എന്നെ അഭിമാനമായി കൈയ്യിൽ ഏന്തികൊണ്ടു പോകാറുണ്ട്.

ഇതു പറഞ്ഞപ്പോൾ ഒരു കാര്യം ഓർത്തുപോകയാണ്. ഈ അടുത്ത കാലത്ത് ചില പാസ്റ്റർമാർക്കും വിശ്വാസികൾക്കും എന്നെ കൊണ്ടുപോകാൻ വലിയ മടിയാണ്. കാരണം എന്നെക്കൂടെ കൊണ്ടുപോയാൽ അവർക്ക് ചിലത് നടക്കില്ല. എന്നെ ചിലപ്പോൾ പ്ലാസ്റ്റിക് കവറിൽ ഇട്ടുകൊണ്ടു യോഗത്തിനു പോകും. എനിക്കാണെങ്കിൽ ശ്വാസം മുട്ടലും കരച്ചിലും വന്നിട്ടുണ്ട്. പക്ഷെ എന്തു ചെയ്യും?

പണ്ട് ഒരു അമ്മച്ചി പനി വന്നപ്പോൾ തലയിണയുടെ അടിയിൽ എന്നെ കിടത്തി. അത്രയേ ഉള്ളെങ്കിൽ സാരമില്ലായിരുന്നു. എന്നാൽ അതു പറയുമ്പോൾ എനിക്കു പേടി തോന്നുന്നു. എന്നാലും പറയാം എന്റെ കൂടെ അമ്മച്ചി തലയിണയടെ അടിയിൽ ഒരു കറിക്കത്തി വച്ചിരുന്നു. നോക്കണെ വിശ്വാസികളുടെ വിശ്വാസം. ഏതായാലും ഞാൻ ഇപ്പോൾ വളരെ തിരക്കിലാണ്. കാരണം പലർക്കും എന്നെ വേണം. ചിലർക്ക് ഞാനൊരു അലങ്കാര വസ്തുവാണ്. എന്റെ ഉടുപ്പിനകത്ത് എന്തെല്ലാം രേഖകളാണ് സൂക്ഷിക്കുന്നത് എന്ന് അറിയാമോ?

റേഷൻ കാർഡ്, ആശുപത്രിചീട്ട്, ഫോൺ ബില്ല്, കരണ്ടുബില്ല് എന്നിവ. മറ്റു ചിലർ മേശപ്പുറത്ത് മറ്റു പുസ്തകങ്ങളുടെ ഏറ്റവും അടിയിൽ സ്ഥിരമായി വയ്ക്കാറുമുണ്ട്. ആകെ ഒരു ഞായറാഴ്ച വന്നാൽ രക്ഷപ്പെട്ടു. അന്നു പൊടിയും തട്ടി എന്നെയും കൂടെ കൊണ്ടു പോകും. ചിലരോടു ഞാൻ കരഞ്ഞു പറഞ്ഞാലും ഞായറാഴ്ച പോലും എന്നെ കൊണ്ടുപോകയില്ല. എന്റെ പേര് നിങ്ങൾക്കു മനസിലായിക്കാണുമല്ലോ. ഇംഗ്ലീഷ് അക്ഷരമാലയിലെ രണ്ടാമത്തെ അക്ഷരം എന്റെ പേരിൽ രണ്ടു പ്രാവശ്യം ഉണ്ട്.

എന്നെക്കൂടാതെ ആർക്കും ഒരിക്കലും ജീവിതത്തിൽ യാഥാർത്ഥ സമാധാനവും നിത്യജിവനും പ്രാപിക്കുവാനും കഴിയുകയില്ല. എന്നെ പരിചയപ്പെടുത്തട്ടെ. എന്റെ പേരാണ് ബൈബിൾ.

## ഫിലിപ്പ്യൻസിന്റെ പുനരുദ്ധാരണത്തിനായി പ്രാർഥിക്കുക



ഫിലിപ്പിയൻസ്: ചരിത്രത്തിലെ ഏറ്റവും വലിയ ചുഴലിക്കാറ്റ് ദുരന്തമായിരുന്നു കഴിഞ്ഞ മാസം ഫിലിപ്പ്യൻസിൽ ആഞ്ഞടിച്ചത്. ലക്ഷക്കണക്കിനാളുകളെ ഇല്ലാതാക്കിയ ദുരന്തത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ടവർ അതിജീവനത്തിനായി കഷ്ടപ്പെടുന്ന കാഴ്ചയാണ് നാം ഇപ്പോൾ കണ്ടുവരുന്നത്. കുന്നുകൂടി കിടക്കുന്ന ശവശരീരങ്ങളും, കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കിടക്കുന്ന ശവശരീരങ്ങളിൽ നിന്നും പറപ്പെടുന്ന ദുർഗന്ധവും നിമിത്തം രക്ഷാപ്രവർത്തനം ദുഷ്കരമാവുകയും ചെയ്തു. ലോകരാജ്യങ്ങളുടെ എല്ലാ കോണുകളിൽ നിന്നും സഹായം ധാരാളം എത്തുന്നുണ്ടെങ്കിലും കേവലം വസ്ത്രവും ഭക്ഷണവും എത്തിക്കുന്നതിലൂടെ മാത്രം രക്ഷാ പ്രവർത്തനം സുഗമമാകുന്നില്ല.

ദുരന്തത്തിനിടയായവരുടെ പുനരുദ്ധാരണത്തിന് കേവലം പ്രർഥിക്കുക മാത്രമല്ല ആവുന്നത്ര ഇതര സഹായങ്ങൾ ചെയ്യുവാനും ഫ്രാൻസിസ് മാർപാപ്പ സഭാംഗങ്ങളോട് അഭ്യർഥിച്ചിരുന്നു. അപകടത്തെത്തുടർന്ന് പലയിടങ്ങളിൽ ഒറ്റപ്പെട്ടു പോയവരുടെ കദനകഥ ഏറെ വേദനിപ്പിക്കുന്നതാണ്. അൽമേന റോപ്പറ്റ എന്ന സ്ത്രീ ചുഴലിക്കാറ്റിന്റെ ദുരന്തത്തിന്റെ ബാക്കി പത്രമാണ്.

കേവലം രണ്ടു വയസ്സ് മാത്രമായ കുഞ്ഞിനെ ഭർത്തൃസഹോദരിയുടെ കൈയ്യിൽ ഏൽപ്പിച്ചിട്ടാണ് അവൾ ഒരു യാത്ര പോയതും അത്യാഹിതത്തിന് ഇരയായതും. അവൾ സുരക്ഷിതയായിരിക്കും എന്ന് കരുതുമ്പോൾതന്നെ ജീവിച്ചിരുപ്പുണ്ടോ എന്നും സംശയിക്കുന്നതായി ഭർത്തൃസഹോദരി മാധ്യങ്ങളോടു പറഞ്ഞു. ചുഴലിക്കാറ്റിന്റെ ഭീകരതയിൽ ഭൂപ്രകൃതി തന്നെ തിരിച്ചറിയാൻ പറ്റാത്തതിനാൽ പല സ്ഥലങ്ങളും പരസ്പരം തിരിച്ചറിയാൻ പറ്റാത്ത നിലയിലാണ്. ചുഴലിക്കാറ്റിന്റെ ദുരന്തത്തിൽ ജീവിതം താറുമാറായ ഫിലിപ്പിയൻസിനു വേണ്ടി നാം പ്രാർഥിക്കുകയും, പ്രവർത്തിക്കുകയും ചേയ്യേണ്ടത് അത്യാവശ്യമാണ്.

## സ്ത്രീകളുടെ ബാങ്ക്

മുംബൈ: സ്ത്രീ ശാക്തികരണം ലക്ഷ്യമിട്ട് യുപിഎ സർക്കാർ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഭാരതിയ മഹിളാ ബാങ്കിന്റെ (ബി. എം. ബി) ദേശിയതല ഉദ്ഘാടനം പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് നിർവഹിച്ചു. മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ ജന്മദിനത്തിൽ നടന്ന ചടങ്ങിൽ യു. പി. എ. അധ്യക്ഷ സോണിയാ ഗാന്ധി മുഖ്യാതിഥിയായി. സ്ത്രീ ഉദ്യോഗസ്ഥർ നേതൃത്വം നല്കുന്ന ബാങ്ക് മുംബൈയ്ക്കു പുറമെ ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂർ, അഹമ്മദാബാദ് എന്നിവിടങ്ങളിലും ആദ്യ ശാഖകൾ തുടങ്ങി. അടുത്ത മാർച്ചോടെ 25 ശാഖകൾ തുറക്കും.

സ്ത്രീകളുടെ ഉന്നമനത്തിനൊപ്പം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ അവർ നിർണ്ണായക ശക്തിയാകും വിധമുള്ള പുരോഗതിയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അതിലേക്കുള്ള ചുവടുവെപ്പുകളിലൊന്നാണ് മഹിളാ ബാങ്കെന്നും പ്രധാനമന്ത്രി പറഞ്ഞു. സ്ത്രീ ഉന്നമനത്തിനായി ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പാക്കുന്നു. സ്ത്രീകൾക്ക് വ്യവസായത്തിനും സ്വയംതൊഴിൽ പദ്ധതികൾക്കും സ്വയം സഹായസംഘങ്ങൾക്കും പ്രോൽസാഹനം നല്കുന്നു. എന്നിട്ടും പല മേഖലകളിലും വിവേചനം നിലനില്ക്കുന്നു. സ്വന്തം പേരിലുള്ള സ്വത്ത്, ഭൂഉടമസ്ഥത എന്നിവയുടെ കാര്യത്തിൽ സ്ത്രീകൾ പിന്നിലാണെന്ന് പ്രധാനമന്ത്രി ചൂണ്ടികാട്ടി.

## യന്ത്രമനുഷ്യൻ ആത്മഹത്യ ചെയ്തു!

ലണ്ടൻ: അങ്ങനെ അതും സംഭവിച്ചു. ലോകത്തിലെ ആദ്യത്തെ റോബട് ആത്മഹത്യ! ഓസ്ട്രിയായിലെ കിർച്ച് ഡോർഫിൽ വീട്ടുജോലിക്കാരനായിരുന്ന യന്ത്രമനുഷ്യനാണ് അടുക്കളയിലെ ഹോട്ട്പ്ലേറ്റിൽ ചാടിക്കയറി ജീവൻ ഒടുക്കിയത്. ഒരേ വീട്ടിൽ ഒരേ സാഹചര്യത്തിൽ പണിയെടുത്തു മനം മടുത്തതാകാം ആത്മഹത്യാകാരണമെന്നാണ് റിപ്പോർട്ടുകൾ. തൂകിപോയ ധാന്യം വൃത്തിയാക്കാൻ നിയോഗിക്കപ്പെട്ട യന്തിരൻ നിർദ്ദേശങ്ങളെ മറികടന്ന്, സ്വയം പ്രവർത്തിക്കുകയായിരുന്നു. നടന്നുകയറിയത് അടുപ്പിനു മുകളിലേക്ക്. ആദ്യം റോബർട്ടിന്റെ അടിഭാഗം ഹോട്ട്പ്ലേറ്റിന്റെ ചൂടിൽ ഉരുകി. തൊട്ടുപിന്നാലെ തീ പടർന്നു. ഒടുവിൽ അവശേഷിച്ചത് ഒരു പിടി ചാരം മാത്രം.

## സയൻസിലും ബൈബിളിലും ജീവൻ രക്തത്തിൽ



അൽജൻ ലോഹ

വേദപുസ്തക പഠനം അനുസരിച്ച് മനുഷ്യജീവൻ നിലനില്കുന്നത് രക്തത്തിലാണ്. അതേപോലെ നമ്മുടെ ആത്മിക ജീവിതവും നിതൃതയും യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയാണ് നിലനിൽക്കുന്നത്.

ഹൃദയത്തിൽ നിന്നും ഒരു സെക്കന്റിൽ മൂന്ന് അടി നീളത്തിലാണ് രക്തം പമ്പ് ചെയ്യുന്നത്. അതായത് ഹൃദയത്തിൽ നിന്നും പമ്പ് ചെയ്യുന്നതിലൂടെ ഒരു മിനിറ്റിനുള്ളിൽ ശരീരത്തിന്റെ എല്ലാ ഭാഗത്തും ചുവന്ന രക്തസെല്ലുകൾ സഞ്ചരിച്ചു മടങ്ങി വരുന്നു. അതുകൊണ്ട് കേവലം കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു ഉപകരണം മാത്രമല്ല ഹൃദയം. ചുവന്ന സെല്ലുകളുടെ ആയുസ് കേവലം നാലുമാസം വരെയാണ്. ഈ കാലയളവിനുള്ളിൽ ചുവന്ന സെല്ലുകൾ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും ഓക്സിജൻ എത്തിക്കുന്നതിനായി 170,000 തവണ സഞ്ചരിച്ചിരിക്കും. അതുകൊണ്ട് സ്വഭാവികമായും പുതിയ ചുവന്ന സെല്ലുകൾ ഉത്പാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കും. അതായത് ഓരോ സെക്കന്റിലും രണ്ടു മില്ല്യൺ പുതിയ സെല്ലുകൾ ശരീരത്തിൽ പുതുതായി ഉത്പാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കും. അതോടൊപ്പം നശിക്കുന്ന സെല്ലുകളിൽ നിന്നും ഇരുമ്പിന്റെ അംഗത്തെ ശുദ്ധീകരിച്ച് പുതിയ സെല്ലിലേക്ക് മാറ്റാവുന്ന പ്രക്രിയ നടക്കും. ഈ കാരണത്താൽ ശരീരത്തിൽ ഓക്സിജൻ നിലനിർത്താൻ കാരണമായ ഹീമോഗ്ലോബിന്റെ പ്രവർത്തനത്തിന് ക്ഷമത ഉറപ്പു വരുത്തുന്നു.



മനുഷ്യ ശരീരത്തിന്റെ ജിവൻ നിലനിർത്തുന്നതിന് ശരീരത്തിനകത്ത് ഇത്രമാത്രം പ്രക്രിയകൾ നടക്കുമ്പോൾ നാം എത്രമാത്രം ദൈവത്തോടു കടപ്പെട്ടിരിക്കണം. കാരണം വേഷത്തിൽ മനുഷ്യനായി ഭൂമിയിലേക്ക് ഇറങ്ങി വന്ന സാക്ഷാൽ ദൈവപുത്രന്റെ പരിശുദ്ധരക്തം ചീന്തപ്പെട്ടതു മൂലമാണ് നമുക്ക് നിത്യത എന്ന അനന്തഭാഗ്യം ലഭിച്ചത്.

Decmber 2013
Volume 1 • Issue 5

# Soul Winner

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723

## ലിങ്കന്റെ ജനാധിപത്യ പ്രസംഗത്തിനു 150 വർഷം; യുഎസിൽ ആഘോഷം



വാഷിങ്ടൺ: ജനാധിപത്യത്തിന് എക്കാലത്തെയും മികച്ച നിർവചനം നല്കിയ അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന ഏബ്രഹാം ലിങ്കന്റെ പ്രശസ്തമായ ഗെറ്റിസ് ബർഗ് പ്രസംഗത്തിന്റെ നൂറ്റൻപതാം വാർഷികം യുഎസിൽ ആഘോഷിച്ചു. 1863 നവബർ 19ന് പെൻസിൽവേനിയായിലെ ഗെറ്റിസ്ബർഗിൽ ലിങ്കൺ നടത്തിയ അവസാന വാചകത്തിലായിരുന്നു ജനങ്ങളാൽ ജനങ്ങൾക്കു വേണ്ടി ജനങ്ങളുടെ ഭരണകൂടം (Government of the people, by the people, for the people) എന്ന വിശേഷണം. അമേരിക്കൻ ആഭ്യന്തരയുദ്ധത്തിലെ വഴിത്തിരിവായി മാറിയ ഗെറ്റിസ് ബർഗ് പോരാട്ടത്തിൽ മരിച്ചവർക്കുള്ള സ്മാരക സമർപ്പണമായിരുന്നു വേദി. ലിങ്കൺ രണ്ടു മിനിറ്റു മാത്രം സമയമെടുത്തു പറഞ്ഞ 272 വാക്കുകളാണ്. ചരിത്രത്തിലെ ഏറ്റവും പ്രശസ്തമായ പ്രസംഗങ്ങളിലൊന്നായത്.

ദൈവത്തിനു കീഴിൽ ഈ രാജ്യം സ്വാതന്ത്ര്യത്തിലേക്ക് പുനർജനിക്കും. ജനങ്ങളാൽ ജനങ്ങൾക്കു വേണ്ടി ജനങ്ങളുടെ ഭരണകൂടം ഭൂമിയിൽ ഒരിക്കലും നശിക്കുകയില്ല എന്ന വാക്കുകളോടെയാണ് പ്രസംഗം അവസാനിപ്പിച്ചത്. വാർഷികാഘോഷങ്ങളായി ഗെറ്റിസ്ബർഗിൽ ലിങ്കന്റെ വേഷം ധരിച്ച ഒരു നടൻ പ്രസംഗം പുനരാവിഷ്കരിച്ചു.

## ദൈവം പ്രാർഥന കേട്ടില്ല: പാസ്റ്റർ ആത്മഹത്യ ചെയ്തു



പാസ്റ്റർ ടെസാ പാർക്കർ

ജോർജിയ (അമേരിക്ക): ദൈവം പ്രാർഥന കേൾക്കുകയും മറുപടി തരാതിരിക്കുന്നതായും സ്ഥിരം പരാതി പറഞ്ഞുകൊണ്ടിരുന്ന പാസ്റ്റർ ഒടുവിൽ ആത്മഹത്യ ചെയ്തു. അമേരിക്കയിലെ ജോർജിയ സംസ്ഥാനത്താണ് ഹൃദയഭേദകവും ഭീതിപ്പെടുത്തുന്നതുമായ ഈ സംഭവം ഉണ്ടായത്.

41 വയസുള്ള പാസ്റ്റർ ഭാര്യയ്ക്കും രണ്ടു മക്കൾക്കുമൊപ്പമാണ് താമസിച്ചിരുന്നത്. 22-ാം വയസിൽ ഓർഡൈൻഡ് പാസ്റ്ററായി കർത്തൃവേലയിൽ പ്രവേശിച്ച പാസ്റ്റർ റവ. ടെസാ പാർക്കർ ജൂനിയറാണ് ആത്മഹത്യ ചെയ്തത്. ഞായറാഴ്ച രാവിലെ ഭാര്യയെയും മക്കളെയും മുമ്പേ ചർച്ചിലേക്ക് ആരാധയ്ക്കായ് പറഞ്ഞയച്ചിട്ട്, താൻ പിന്നാലെ വന്നുകൊള്ളാമെന്നു പറഞ്ഞു. സമയമായിട്ടും ചർച്ചിൽ എത്താതിരുന്നതിനെ തുടർന്ന് വീട്ടിലെത്തി ഭാര്യ നടത്തിയ അന്വേഷണത്തിലാണ് പാസ്റ്റർ സ്വയം വെടിവച്ച് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയത്.

ഫെലോഷിപ്പ് ബൈബിൾ ചർച്ചിൽ നിന്നും ഓർഡിനേഷൻ ചെയ്ത് സണ്ടേസ്കൂൾ അധ്യാപകനായും, യൂത്ത് പാസ്റ്ററായും സേവനം അനുഷ്ഠിച്ച് യൗവ്വനകാലം മുതൽ സഭാശുശ്രൂഷയിലുണ്ടായിരുന്ന വ്യക്തിയായിരുന്നു പാസ്റ്റർ.

## ചർച്ച് ഓഫ് ഇംഗ്ലണ്ട്: സ്ത്രീ ബിഷപ്പിനെ വാഴിക്കുന്നു



ഇംഗ്ലണ്ട് : ചർച്ച് ഓഫ് ഇംഗ്ലണ്ട് സ്ത്രീ ബിഷപ്പിനെ വാഴിക്കാനുള്ള അവസാന തയാറെടുപ്പുകൾ നടത്തുന്നു. കഴിഞ്ഞ വർഷം ഇതു സംബന്ധിച്ചു നടത്തിയ ചർച്ചകളും, വോട്ടിങ്ങും പരാജയപ്പെട്ടിരുന്നു എന്ന് ആർച്ച് ബിഷപ്പ് ഓഫ് കാന്റർബ്രറി മോസ്റ്റ് റെവറെൻഡ് ജസ്റ്റിൻ വെൽബി വെളിപ്പെടുത്തി. ബിഷപ്പുമാരായ സെന്റ്എഡ്മുൻണ്ട്സ്ബ്രറി ലിപ്സ്‌വിച്ച്, റൈറ്റ് റവറെന്റ് നിഗൽ സ്റ്റോക്ക് എന്നിവർ തുടങ്ങിവച്ച സിനഡ് ചർച്ചയിൽ, നാലു മണിക്കൂറിൽ അധികം കടുത്ത വാദപ്രതിവാദങ്ങൾ നടന്നു. യാഥാസ്ഥിതികരും പുരോഗമനവാദികളുമായുള്ള അംഗങ്ങൾ ശക്തമായ വാദങ്ങൾ അനുകൂലിച്ചും എതിർത്തും നടത്തി. 84 വോട്ടുകൾക്കെതിരെ 319 വോട്ടുകൾക്കാണ് സ്ത്രീ ബിഷപ്പിനെ വാഴിക്കുന്ന വിഷയത്തിൽ വോട്ടു രേഖപ്പെടുത്തിയത്. 22 പേർ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു.

സ്ത്രീകളെ ബിഷപ്പായി വാഴിക്കണോ എന്ന ചോദ്യത്തിനല്ല പ്രസക്തി, മറിച്ച് സ്ത്രീകളെ ബിഷപ്പായി വാഴിക്കണം എന്നതാണ് പ്രസക്തിയെന്ന് പറഞ്ഞുകൊണ്ടാണ് വോട്ടെടുപ്പു നടന്നത്. ഏതാനും ചില ദിവസങ്ങൾക്കുള്ളിൽ തന്നെ അതു യാഥാർത്ഥ്യമാകും എന്നാണ് സഭ കരുതുന്നത്.

## അഗ്നിപർവത സ്ഫോടനം: ജപ്പാനിൽ പുതിയ ദ്വീപ്

ടോക്കിയോ: ജപ്പാന്റെ തെക്കേ അറ്റത്ത് അഗ്നിപർവത സ്ഫോടനത്തെ തുടർന്ന് കടലിൽ ചെറുദ്വീപ് ഉയർന്നു. ബോനിൻ എന്നു വിളിക്കുന്ന, മനുഷ്യവാസമില്ലാത്ത ചെറിയ ദ്വീപിന് സമീപമാണ് പുതിയ ദ്വീപിന്റെ ഉദയം. 200 ചുതുരശ്രമീറ്റർ മാത്രം വ്യാസമുള്ളതാണു ദ്വീപ്.

പുതിയ ദ്വീപ് ചിലപ്പോൾ തനിയെ ഇല്ലാതായേക്കാം. അതുപോലെ സ്ഥിരമായി നിലനിൽക്കാനുള്ള സാധ്യതയും ഉണ്ട്. ഇതു സംബന്ധിച്ചു പഠനം നടത്തുന്ന വിദഗ്ധർ വിശദീകരിച്ചു. 1970 കളുടെ മധ്യത്തിലാണ് അഗ്നിപർവത സ്ഫോടനം ഉണ്ടായത്. അഗ്നിപർവത സ്ഫോടനത്തെ തുടർന്നു കനത്ത പുകപടലവും ചാരവും പാറകളും ഉയരുന്നുണ്ടെന്നു തീരസംരക്ഷണസേന മുന്നറിയിപ്പും നൽകി.

## ഡോ. ബില്ലി ഗ്രഹാം ഒടുവിൽ ചെയ്ത പ്രസംഗം നമ്മുടെ രാജ്യം ആത്മിയ ഉണർവിന്റെ അനുഭവത്തെ കൊതിക്കുന്നു



അമേരിക്ക: 95-ാം ജന്മദിനത്തിലേക്ക് പ്രവേശിച്ച ലോകപ്രശസ്ത സുവിശേഷ പ്രസംഗകൻ ഡോ. ബില്ലി ഗ്രഹാം അമേരിക്കകാർക്ക് ഒരു പ്രസംഗം ചെയ്തു.

കേവലം അരമണിക്കൂർ മാത്രം ദൈർഘ്യമുള്ള തന്റെ വീഡിയോ സന്ദേശത്തിൽ... "എന്റെ ഹൃദയാന്തർഭാഗത്തുനിന്ന് ഞാൻ ഒരു സത്യം പറയട്ടെ: അമേരിക്കയിലെ ക്രൈസ്തവർ ലക്ഷ്യം തെറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നമ്മുടെ രാജ്യം ഒരു ആത്മീക ഉണർവ്വിലേക്ക് മടങ്ങി വരേണ്ടതുണ്ട്. ദൈവത്തിന്റെ അത്ഭുത കരസ്പർശനം ഏറ്റ ഒരു ജനത്തെ ഞാൻ എന്റെ ശുശ്രൂഷാ കാലയളവിൽ കണ്ടിരുന്നു" എന്നാണ് ഉരുവിട്ടത്.

"അമേരിക്കയെ സംബന്ധിച്ച എന്റെ പ്രത്യാശ" എന്ന ശീർഷകത്തിൽ തയ്യാറാക്കിയിരിക്കുന്ന വീഡിയോയും തത്സമയ സംപ്രേഷണവും അമേരിക്കൻ ചർച്ചിൽ ടെലികാസ്റ്റ് ചെയ്തുകഴിഞ്ഞു.

അമേരിക്കൻ പാസ്റ്റർ എന്ന നിലയിൽ മുൻ പ്രസിഡന്റുമാരായ ജോൺ കെന്നഡിക്കും, റോണാൾഡ് റിഗാനും താൻ നല്കിയ ഉപദേശങ്ങളും ശുശ്രൂഷാകാലയളവിലെ ചില ചരിത്ര മുഹൂർത്തങ്ങളും അടങ്ങുന്ന ഒരു വീഡിയോ പ്രോഗ്രാമാണിത്.

സാറാ പൈലിൻ, റൊനാൾഡ് റ്റിബ് എന്നിവരടക്കം 700 വിശിഷ്ടാതിഥികൾ പങ്കെടുത്ത ബർത്ത്ഡേ ആഘോഷത്തിലാണ് അമേരിക്കയെ സംബന്ധിച്ച എന്റെ പ്രത്യാശ എന്ന ക്യാമ്പയിൻ ആരംഭിച്ചത്. ഈ സന്ദേശം കേൾക്കുവാൻ വീടുകളിലേക്കും ടെലിവിഷനുകളിലേക്കും ആളുകളെ കൂട്ടിവരുത്തി കേൾപ്പിക്കുകയും ചെയ്തു.